I ഇ.ബി. XII-കേരള നിയമസഭ /VI-8

**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നിയമസഭാനടപടികൾ - സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 സെപ്റ്റംബർ 13, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിരപ്രമേയം

യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ നേരെയുണ്ടായ പോലീസ് അതിക്രമം

മി. സ്പീക്കർ: ഇന്നലെ യൂത്ത് കോൺഗ്രസ് പ്രവർത്തകർ നടത്തിയ നിയമസഭാ മാർച്ചിനുനേരെ പോലീസ് ജലപീരങ്കി ഉപയോഗിച്ചതുമൂലം നിരവധി പ്രവർത്തകർ പരിക്കേറ്റ് ആശുപത്രിയിലായ സംഭവം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ കെ.സി. വേണുഗോപാൽ, കെ. കുട്ടി അഹമ്മദ് കുട്ടി, തോമസ് ചാഴികാടൻ, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 12-9-2007-ന് ഉച്ചയ്ക്ക് യൂത്ത്കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് സിദ്ദിക്കിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം രക്തസാക്ഷി

മണ്ഡപത്തിനു സമീപത്തുനിന്നും നിയമസഭാ മന്ദിരത്തിലേയ്ക്ക് മാർച്ച് നടത്തിയ 250-ഓളം വരുന്ന യൂത്ത് കോൺഗ്രസ് പ്രവർത്തകരെ നിയമസഭാ മന്ദിരത്തിനുസമീപം പോലീസ് പ്ലാസ്റ്റിക് റോപ്പും ബാരിക്കേഡുകളും കൊണ്ട് നിയമാനുസരണം തടഞ്ഞു. പ്രകടനക്കാർ അക്രമാസക്തരായി ബാരിക്കേ ഡുകൾ മറിച്ചിട്ട് റോഡിൽ കുത്തിയിരുന്ന് ഗതാഗതം തടസ്സപ്പെടുത്തിയതിനെ ത്തുടർന്ന് പിരിഞ്ഞുപോകാൻ പോലീസ് നിയമാനുസരണമായ ഉത്തരവ് നൽകിയെങ്കിലും കൂടുതൽ അക്രമാസക്തരായ പ്രകടനക്കാർ ഡ്യൂട്ടിയിലു ണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർക്കുനേരെ കല്ലേറ് നടത്തുകയും പോലീസിന്റെ ഷീൽഡ് പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തു. തുടർന്ന് പ്രകടനക്കാരെ അക്രമത്തിൽനിന്നും പിന്തിരിപ്പിക്കുന്നതിന് പോലീസിന് ജലപീരങ്കി പ്രയോഗിക്കേണ്ടിവന്നു. അക്രമത്തിൽ പേരൂർക്കട, പൂന്തുറ സർക്കിൾ ഇൻസ്പെക്ടർമാർക്കും ഒരു പോലീസ് കോൺസ്റ്റബിളിനും പരിക്കുപറ്റുകയുണ്ടായി. ഇതിനെതിരെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. യൂത്ത്കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ഉൾപ്പെടെ ഏതാനും പ്രവർത്തകരെ പരിക്കുപറ്റി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്.. ഗുരുതരമായ സ്ഥിതിവിശേഷം ഇവിടെ നിലനിൽക്കുന്നില്ല.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u>: ഗവൺമെന്റ് ഈ വിഷയത്തെ വളരെ ലാഘവത്തോടുകൂടിയാണ് കാണുന്നത്. പൊൻമുടി ഭൂമി കുംഭകോണ ത്തിൽ അഴിമതി ആരോപണത്തിനുവിധേയനായ ശ്രീ. ബിനോയ് വിശ്വം രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് യൂത്ത്കോൺഗ്രസ് സംസ്ഥാന പ്രസി ഡന്റും നേതാക്കളും നയിക്കുന്ന ജാഥ നിയമസഭാ കവാടത്തിലെത്തുന്നതിന് വളരെ മുമ്പുതന്നെ പോലീസ് തടയുകയും അവിടെ കുത്തിയിരുന്ന് സമരം

നടത്താൻ അനുവദിക്കണമെന്നുപറഞ്ഞപ്പോൾ അനുവദിക്കാതെ പോലീസ് ജലപീരങ്കി പ്രയോഗിക്കുകയും ഭീകരമായ ലാത്തിച്ചാർജ് നടത്തുകയു മുണ്ടായി. ഇതിന്റെ ഫലമായി കഴക്കൂട്ടം മണ്ഡലത്തിലെ ഷിബു എന്ന ആളിന്റെ കണ്ണ് തകർന്നു. സംസ്ഥാന യൂത്ത് കോൺഗ്രസ് പ്രസിഡന്റ് അടക്കം പലരും തലയ്ക്ക് അടിയേറ്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. ന്യായമായ കാര്യത്തിനുവേണ്ടി സമാധാനപരമായി നടത്തുന്ന സമരത്തെ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമിക്കു ന്നത് വെറും വ്യാമോഹമാണ്. അഴിമതിക്കാരെ സംരക്ഷിക്കുന്നതിന് നടത്തി യിട്ടുള്ള നിരുത്തരവാദപരമായ ഈ പ്രവർത്തനം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മുൻകാലങ്ങളിൽ നിയമസഭാ മാർച്ച് തടയുന്ന സ്ഥലത്തു വച്ചുതന്നെയാണ് പ്രകടനക്കാരെ ഇപ്പോഴും തടഞ്ഞത്. സെക്രട്ടേറിയറ്റി ലേയ്ക്ക് മാർച്ച് നടത്തുമെന്ന് അനൗൺസ് ചെയ്തിട്ട് പെട്ടെന്നാണ് അത് നിയമസഭയിലേയ്ക്ക് മാറ്റിയത്. പോലീസ് അങ്ങേയറ്റം ആത്മസംയമനം പാലിച്ച് സ്ഥിതിഗതികൾ കൈകാര്യം ചെയ്യാനാണ് ശ്രമിച്ചത്. പ്രകടനക്കാർ പോലീസിന്റെ ഷീൽഡ് പിടിച്ചുവാങ്ങി അടിച്ചുതകർക്കുമ്പോൾ പോലീസിന് അത് നോക്കിനിൽക്കാൻ സാധിക്കില്ല. സമാധാനപരമായി നടത്തുന്ന പ്രക്ഷോ ഭങ്ങളേയും ബഹുജന സമരങ്ങളേയും അടിച്ചമർത്താൻ ഗവൺമെന്റ് ഉദ്ദേശി ക്കുന്നില്ല. ക്രമസമാധാനപാലനത്തെ തടസ്സപ്പെടുത്തുന്ന വിധത്തിൽ സമര ക്കാർ പ്രവർത്തിച്ചതുകൊണ്ടാണ് ജലപീരങ്കി പ്രയോഗിക്കേണ്ടിവന്നത്. പൊൻമുടി വിഷയം സംബന്ധിച്ച് നിയമസഭയിൽ ചർച്ച നടന്നതാണ്. അക്രമം നടത്തി മന്ത്രിമാരെ പുറത്താക്കാമെന്ന് വിചാരിക്കുന്നത് മൗഢ്യമാ

ണ്. അത്തരം അക്രമസമരങ്ങൾ ഒരു കാരണവശാലും ഗവൺമെന്റ് അനുവദിക്കില്ല. അതുകൊണ്ട് സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ശ്രീ. ഉമ്മൻ ചാണ്ടി പ്രസ്താവന നടത്തുകയും സർവ്വശ്രീ എ.പി. അനിൽകുമാർ, അബ്ദുറഹിമാൻ രണ്ടത്താണി, തോമസ് ഉണ്ണിയാടൻ എന്നീ അംഗങ്ങൾ നിയമസഭയുടെ മുമ്പിൽ സത്യാഗ്രഹം അനുഷ്ഠിക്കാൻ പോകുന്ന വിവരം അറിയിക്കുകയും ചെയ്തു. തുടർന്ന് ശ്രീ. സി.ടി. അഹമ്മദ് അലി, ശ്രീ. തോമസ് ചാഴികാടൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കന്മാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തു പോവുകയും അൽപ്പസമയത്തിനുശേഷം വീണ്ടും ഹാജരാവുകയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) <u>കസ്റ്റഡി മരണങ്ങൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടി</u>

<u>ശ്രീ. കെ.കെ. ഷാജു</u>: 1-4-2006 മുതൽ 16-8-2006 വരെ കേരളത്തിൽ നടന്നിട്ടുള്ള കസ്റ്റഡി മരണങ്ങളെക്കുറിച്ച് ജസ്റ്റീസ് രാജേന്ദ്രബാബു കമ്മീഷന്റെ കണ്ടെത്തലുകളിൽ പന്തളം നിയോജകമണ്ഡലത്തിലെ പ്രസന്നൻ എന്ന ആൾ യഥാസമയം ശരിയായ വൈദ്യസഹായം ലഭിക്കാതെയും സഹതടവുകാരുടെ ആക്രമണംമൂലവും ജയിലിൽ വച്ചു മരണമടഞ്ഞതായാണ് പറഞ്ഞിട്ടുള്ളത്. ഈ കേസ് പോലീസിന്റെ ഒരു സ്പെഷ്യൽ ടീമിനെക്കൊണ്ട് പുനരന്വേഷണം നടത്തണമെന്ന് കമ്മിഷൻ

ശുപാർശ ചെയ്തിരുന്നെങ്കിലും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ കുറ്റക്കാരെ കണ്ടെത്തി കർശന നടപടി സ്വീകരിക്കുന്നതിനും പ്രസന്നന്റെ കുടുംബത്തിന് അർഹമായ സാമ്പത്തിക സഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ജസ്റ്റീസ് രാജേന്ദ്രബാബു കമ്മീഷൻ റിപ്പോർട്ടിൽ പ്രസന്നന്റെ മരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ് പോലീസിന്റെ സ്പെഷ്യൽ ടീമിനെക്കൊണ്ട് പുനരന്വേഷണം നടത്തണമെന്നും പ്രസന്നന്റെ രോഗിയായ മാതാവിന് എന്തെങ്കിലും സാമ്പത്തിക സഹായം നൽകണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസന്നന്റെ കുടുംബത്തിന് സഹായധനമായി 30,000 രൂപ കൊടുക്കാനും കേസ്സന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. കേസ്സന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ച് ഡി.ജി.പി. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## (2) സംസ്ഥാനത്തെ സഹകരണ ധനകാര്യസ്ഥാപനങ്ങൾക്ക് നഷ്ടപ്പെട്ട ആസ്തികൾ

ശ്രീ. എം. ചന്ദ്രൻ: സംസ്ഥാന സഹകരണ ബാങ്കിലും തൃശൂർ, കൊല്ലം, തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കുകളിലും വ്യാപകമായി അഴിമതിയും വെട്ടിപ്പും നടന്നിരിക്കുകയാണ്. 2001 വരെ ലാഭകരമായി പ്രവർത്തിച്ചിരുന്ന സംസ്ഥാന സഹകരണ ബാങ്ക് 22 കോടി രൂപയുടെ നഷ്ടത്തിലാണ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. നിയമവിരുദ്ധമായി വായ്പകൾ നൽകുക, ഈടുനൽകുന്ന വസ്തുവിന്റെ മൂല്യത്തേക്കാൾ അധികം തുകയ്ക്ക് വായ്പ നൽകുക, മറ്റു ബാങ്കുകളിൽ

കുടിശ്ശികയായിരുന്ന കിട്ടാക്കടം ഏറ്റെടുക്കുക, പാട്ടവസ്തുവിന്റെ ഈടിന്മേൽ വായ്പ കൊടുക്കുക, അപേക്ഷ സമർപ്പിക്കുന്നതിനുമുമ്പ് വായ്പ നൽകുക ഇവയൊക്കെ ചെയ്തതിന്റെ ഫലമായി ആയിരം കോടി രൂപയിലധികം കിട്ടാക്കടം ഈ ബാങ്കിനുണ്ട്. സംസ്ഥാന സഹകരണ ബാങ്ക് കൊടുത്ത വായപ്കളെ സംബന്ധിച്ച് നബാർഡ് നടത്തിയ പരിശോധനയിൽ 16 വായപ്കളുടെ കാര്യത്തിൽ അനധികൃത ഇടപെടൽ നടന്നതായും കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽ ഇല്ലാത്ത സ്വാശ്രയ സ്ഥാപനങ്ങളുടെ പേരിൽ വിദ്യാഭ്യാസ വായ്പ വിതരണം ചെയ്ത് തട്ടിപ്പ് നടത്തിയതായും കണ്ടെത്തിയിട്ടുണ്ട്. കൊല്ലം, തൃശ്ശൂർ, തിരുവനന്തപുരം ജില്ലാ ബാങ്കുകളിലും ഇത്തരത്തിലുള്ള വെട്ടിപ്പും അഴിമതിയും നടന്നിട്ടുണ്ട്. ഇതിനെക്കുറിച്ച് അന്വേഷിച്ച് ഉത്തരവാദികളായവരിൽനിന്നും ഈ പണം ഈടാക്കാനുള്ള നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സംസ്ഥാന സഹകരണ ബാങ്കിലും കൊല്ലം, തൃശ്ശൂർ, തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കുകളിലും പ്രൈമറി സഹകരണ സംഘങ്ങളിലും അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളിലും മറ്റിതര സഹകരണ സംഘങ്ങളിലുമായി തിരിച്ചുകിട്ടാത്തവിധം അനധികൃതമായി ലോൺ നൽകിയതിലൂടെ 2000-ൽപ്പരം കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഇതിനെക്കുറിച്ച് വിശദമായ ചർച്ച വേണ്ടിവരും. സംസ്ഥാന സഹകരണബാങ്ക് നിക്ഷേപത്തിന്റെ 94 ശതമാനവും 14 ജില്ലാ സഹകരണ ബാങ്കുകളുടേതാണ്. സഹകരണ ബാങ്ക് ദുർബലമായാൽ പ്രൈമറി ബാങ്കുകൾ തകരും. 2001-ൽ നിഷ്ക്രിയത്വ ആസ്തി 4 ശതമാനമായിരുന്നത് 2006-ൽ 28 ശതമാനമായി ഉയർന്നു. ഈ അഞ്ച് വർഷക്കാലയളവിൽ ഒരു സ്ഥാപനവും ലോൺ തിരിച്ചടവിനുള്ള ഒരു

നോട്ടീസ് പോലും ആർക്കും നൽകിയില്ല. സഹകരണ പ്രസ്ഥാനത്തെ കൊള്ളയടിച്ചതിനെതിരെ 60-ൽപ്പരം വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്. കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ പ്രത്യേക വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ ജില്ലാ ബാങ്കുകൾ പിരിച്ചുവിടുന്നതിനെടുത്ത നടപടികളെ ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ക്രിമിനൽ കുറ്റം ചെയ്യുന്നവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ട്. 2000-ത്തിൽപ്പരം കോടി രൂപയുടെ കൊള്ളയ്ക്ക് ഉത്തരവാദികളായവരുടെ പേരിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ കൊണ്ട് അന്വേഷണം നടത്തി സാധ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ക്രമപ്രശ്നം**

**<u>ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കാത്തത് സംബന്ധിച്ച്</u>**

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u> : മെമ്പർമാർ ചോദിക്കുന്ന പല ചോദ്യങ്ങൾക്കും മറുപടി ലഭിക്കാത്ത സാഹചര്യമാണുള്ളത്.. മൂന്നാർ കയ്യേറ്റവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സമ്മേളനത്തിലും ഈ സമ്മേളനത്തിലുമൊക്കെ ചോദിച്ച ചോദ്യങ്ങൾക്ക് ഉത്തരം ലഭിച്ചിട്ടില്ല. പലപ്പോഴും ലഭിക്കുന്ന ഉത്തരങ്ങളാകട്ടെ 'വിവരം ശേഖരിച്ചു വരുന്നു' എന്നാൽ ഇത് സഭാനടപടികൾ പ്രഹസനമാക്കുന്നതിനും അംഗങ്ങളുടെ അവകാശം നിഷേധിക്കുന്നതിനും തുല്യമാണ്. റൈറ്റ് ടു ഇൻഫർമേഷൻ ആക്ട് വന്നതിനുശേഷവും ഇങ്ങനെയുള്ള നടപടികൾ സ്വീകരിക്കുന്നത് ശരിയാണോ എന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണം.

## റൂളിംഗ്

<u>മി. സ്പീക്കർ</u> : അംഗങ്ങൾക്ക് ചോദ്യത്തിനുള്ള മറുപടി യഥാസമയം കൊടുക്കണമെന്ന് പല പ്രാവശ്യം റൂൾ ചെയ്തിട്ടും ഇപ്പോഴും കൃത്യമായി മറുപടി കിട്ടാത്ത സാഹചര്യം നിലവിലുണ്ട്. ബന്ധപ്പെട്ട മന്ത്രിമാർ ഇത് ശ്രദ്ധിക്കണമെന്ന് ചെയർ വീണ്ടും റൂൾ ചെയ്യുകയാണ്.

### <u>തെറ്റായ വാർത്ത വന്നത് സംബന്ധിച്ച്</u>

<u>ശ്രീ. കെ. സി. ജോസഫ്</u>: ഇന്നത്തെ ദേശാഭിമാനി ദിനപത്രത്തിലും പീപ്പിൾ ചാനലിലും രണ്ട് എം.എൽ.എ.മാർ സ്പീക്കറെ ജാതിപ്പേര് വിളിച്ച് ആക്ഷേപിച്ചുവെന്നും നിയമസഭാ സ്പീക്കർ നിർദ്ദേശിച്ചപ്രകാരം ചീഫ് മാർഷൽ അന്വേഷിക്കുന്നുവെന്നും വാർത്ത വരികയുണ്ടായി. നിയമസഭ യിൽ പ്രതിപക്ഷം പ്രതിഷേധം പ്രകടിപ്പിക്കുന്നത് ആദ്യമായിട്ടല്ല. പക്ഷെ അതിരുവിട്ട് പെരുമാറിയിട്ടില്ല. പ്രതിപക്ഷത്തെ മോശമായി ചിത്രീകരിക്കാനും രണ്ട് എം.എൽ.എ.മാരെ നാണം കെടുത്താനും അപമാനിക്കാനും ബഹുമാന പ്പെട്ട സ്പീക്കറെ കരുവാക്കിയിരിക്കുകയാണ്. ഇങ്ങനെ പ്രതിപക്ഷാംഗ ങ്ങളെ ബ്ളാക്ക്മെയിൽ ചെയ്യുന്നത് അവസാനിപ്പിക്കണം. ഇത് സംബന്ധിച്ച് ദേശാഭിമാനിയുടേയും പീപ്പിൾ ചാനലിന്റേയും ബന്ധപ്പെട്ടവരോട് വിശദീക രണം തേടുകയും മാപ്പ് പറയാൻ ആവശ്യപ്പെടുകയും ചെയ്യണം.

<u>മി. സ്പീക്കർ</u> : ഇത്തരം വാർത്തകൾ ഉണ്ടായതെങ്ങനെയെന്ന് ചെയറിന് അറിയില്ല. ചെയർ അന്വേഷണത്തിന് ഉത്തരവിട്ടിട്ടില്ല. ഇത്തരം വാർത്തകളും പ്രശ്നങ്ങളും ഉണ്ടാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

## സബ്മിഷൻ

### (1) സി.എം.എഫ്. ആർ.ഐ. ന്റെ പാട്ടത്തുക വർദ്ധനവ്

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സി.എം.എഫ്.ആർ.ഐ.ക്ക് . 1974-ൽ ഏക്കറിന് നൂറ് രൂപ പാട്ടത്തുക നിശ്ചയിച്ച് മൂന്നര ഏക്കർ സ്ഥലം 25 വർഷത്തെ പാട്ടത്തിന് കൊടുത്തു. എന്നാൽ 1995 മുതൽ 2004 വരെയുള്ള പാട്ടക്കുടിശ്ശികയായ ഒമ്പത് കോടി എൺപത്തിരണ്ട് ലക്ഷം രൂപ മൂന്ന് ദിവസത്തിനകം അടച്ചില്ലെങ്കിൽ ജപ്തി നടപടികൾ സ്വീകരിക്കുമെന്ന് വില്ലേജ് ഓഫീസർ നോട്ടീസ് കൊടുത്തതനുസരിച്ച് ഈ സ്ഥാപനം ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിരിക്കുകയാണ്. ഇത് കേരളത്തിന് അപമാനകരമായ സംഭവമാണ്. നിലവിലുള്ള പാട്ടത്തുകയ്ക്കുതന്നെ ലീസ് കാലാവധി നീട്ടിക്കൊടുക്കുന്നതിനും ജപ്തി നടപടിക്കുള്ള ഉത്തരവ് പിൻവലിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ): 14.05.2004-ലെ ഓർഡർ പ്രകാരം 1999 മുതൽ പാട്ടത്തുക പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് കൊച്ചിയിലെ സി.എം.എഫ്.ആർ.ഐ.-ക്ക് നൽകിയ സ്ഥലത്തിന്റെ .പാട്ടക്കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചത്. 2004 ഏപ്രിൽ മുതൽ പാട്ടത്തുക പുതുക്കുകയും 1995-ന് മുമ്പ് പാട്ടക്കുടിശ്ശിക അടയ്ക്കാനുള്ളവർ 2004 വരെയുള്ള കുടിശ്ശിക 1995-ന് മുമ്പുള്ള നിരക്കിൽ അടയ്ക്കണമെന്നും ആയത് കുടിശ്ശികയുടെ 25 ശതമാനം അടച്ച് തീർപ്പാക്കണമെന്നും 2004-ലെ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് സി.എം.എഫ്.ആർ.ഐ. ഒമ്പത്കോടിഎൺപത്തിരണ്ട് ലക്ഷം രൂപ അടയ്ക്കാൻ റവന്യൂ അധികാരികൾ നോട്ടീസ് നൽകി. ഇത്

സി.എം.എഫ്.ആർ.ഐ.യെ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുമെന്ന് ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ പുന:പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 2004-ലെ സർക്കാർ ഉത്തരവ് യുക്തിസഹമായും കാലോചിതമായും പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## (2) അന്താരാഷ്ട്ര വിമാന സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: ലാഭത്തിൽ പ്രവർത്തിക്കുന്ന കോഴിക്കോട് വിമാനത്താവളത്തിൽ അന്താരാഷ്ട്ര വിമാനസർവ്വീസ് നടത്താനുള്ള എല്ലാ സജ്ജീകരണവും ലഭ്യമാണ്. ഇപ്പോൾ ഇൻഡ്യൻ, ശ്രീലങ്കൻ എയർലൈൻസ് തുടങ്ങിയ കമ്പനികൾ മാത്രമാണ് അന്താരാഷ്ട്ര സർവ്വീസ് നടത്തുന്നത്. ഇവിടെനിന്നും അന്താരാഷ്ട്ര സർവ്വീസ് നടത്താൻ മറ്റ് വിമാന കമ്പനികളും സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിലും വ്യോമയാന മന്ത്രാലയത്തിലും സമ്മർദ്ദം ചെലുത്താൻ മുഖ്യമന്ത്രി മുൻകൈ എടുക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): 1988-ൽ പ്രവർത്തനമാരംഭിച്ച കോഴിക്കോട് വിമാനത്താവളം 2006-ലാണ് അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിച്ചത്. ഇതിന്റെ ഒന്നാം ഘട്ട വികസന പദ്ധതി ഏതാണ്ട് പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ വികസനത്തിന് കൂടുതൽ സ്ഥലം വേണമെന്ന എയർ പോർട്ട് അതോറിറ്റിയുടെ നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. വിമാനത്താവളങ്ങളുടെ പ്രവർത്തനം പൂർണ്ണമായും വ്യോമയാന മന്ത്രാലയത്തിന്റെ കീഴിലാണ് വരുന്നത്. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി കിട്ടിയാൽ മാത്രമേ മറ്റ് വിമാനക്കമ്പനികൾക്ക് അന്താരാഷ്ട്ര സർവ്വീസ് ആരംഭിക്കാൻ കഴിയൂ. അതിലേയ്ക്കായി വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## (3) മായം കലർന്ന പാൽ വിതരണം

ശ്രീ. കെ. ബാബു: സംസ്ഥാനത്ത് പുറത്തുനിന്ന് കൊണ്ടുവന്ന് വിതരണം ചെയ്യുന്ന പാലിന്റെ സാമ്പിൾ പരിശോധിച്ചതിൽ വിഷാംശമുള്ള മായം കലർന്നതായി സ്റ്റേറ്റ് ഡയറി ലാബിൽ മൈക്രോ ബയോളജിസ്റ്റ് കണ്ടെത്തിയിരിക്കുകയാണ്. അതുകൊണ്ട് വിഷാംശമില്ലാത്ത പാൽ സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സംസ്ഥാനത്തെ പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ഇതിന് പരിഹാരം. അന്യസംസ്ഥാനങ്ങളിൽ നിന്ന് വന്നുകൊണ്ടിരിക്കുന്ന പാൽ ചെക്ക്പോസ്റ്റുകളിൽ പരിശോധിക്കുന്നുണ്ട്. പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്ടറേഷൻ നിയമപ്രകാരം ആരോഗ്യവകുപ്പിനു കീഴിലുള്ള ഫുഡ് ഇൻസ്പെക്ടർമാരും ക്ഷീര വികസന വകുപ്പിലെ ഉദ്യോഗസ്ഥരുമാണ് പരിശോധിക്കുന്നത്. ഗുണനിലവാരമില്ല എന്ന് കണ്ടെത്തിയ 13 ബ്രാൻഡുകൾക്ക് നോട്ടീസ് നൽകി നടപടി എടുക്കുകയും 4 ബ്രാൻഡുകൾക്ക് താൽക്കാലിക നിരോധനം ഏർപ്പെടുത്തുകയും ശുദ്ധമായ പാൽ സംസ്ക്കരിക്കുന്നതിനുള്ള സൗകര്യമില്ലാത്ത ഡയറികളുടെ പ്രവർത്തനം നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. പാലിന്റേയും പാലുൽപ്പന്നങ്ങളുടേയും വിപണനത്തിന് ലൈസൻസിംഗ് സമ്പ്രദായം ക്ഷീരവികസന വകുപ്പു മുഖേന ഏർപ്പെടുത്തി മായംചേർക്കൽ പൂർണ്ണമായി തടയാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**(4) മാറാട് കേസുമായി ബന്ധപ്പെട്ട് അറസ്റ്റിലായവർ**

**ശ്രീ. പി.എം. എ. സലാം:** മാറാട് കേസുമായി ബന്ധപ്പെട്ട് 137 പ്രതികൾ വിചാരണത്തടവുകാരായി ജയിലിൽ കഴിയുകയാണ്. ഇവരിൽ കുറ്റം ആരോപിക്കപ്പെടാത്ത അവശരും വൃദ്ധരും രോഗികളുമായ പ്രതികളും ഉൾപ്പെടും. ഇവർക്ക് ജാമ്യം അനുവദിക്കാൻ നടപടിയുണ്ടാകണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):** 2003-ലെ മാറാട് കലാപവുമായി ബന്ധപ്പെട്ട് ബേപ്പൂർ പോലീസ് സ്റ്റേഷനിൽ ഇന്ത്യൻ ശിക്ഷാനിയമത്തിലേയും ആയുധ നിയമത്തിലേയും സ്ഫോടക നിയമത്തിലേയും വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് വിദഗ്ദ്ധ അന്വേഷണത്തിനായി കോഴിക്കോട് ക്രൈം ബ്രാഞ്ച് യൂണിറ്റിന് കൈമാറിയിട്ടുണ്ട്. ക്രൈംബ്രാഞ്ച് കേസ്സന്വേഷണം നടത്തുകയും 134 പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തു. ഇപ്പോൾ കേസ് വിചാരണയിലിരിക്കുകയാണ്. പ്രതികൾ കീഴ്ക്കോടതിയിലും ഹൈക്കോടതിയിലും ജാമ്യാപേക്ഷ സമർപ്പിച്ചുവെങ്കിലും ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾ കണക്കിലെടുത്ത് പ്രതികൾക്ക് കോടതി ജാമ്യം അനുവദിച്ചിട്ടില്ല. എന്നാൽ മരണം, വിവാഹം തുടങ്ങിയ അത്യാവശ്യ ഘട്ടങ്ങളിൽ വിചാരണ കോടതി താൽക്കാലിക അനുമതി നൽകാറുണ്ട്; രോഗികളെ ചികിൽസയ്ക്കായി ആശുപത്രികളിൽ അയയ്ക്കാറുണ്ട്. ജാമ്യം അനുവദിക്കുന്നത് കോടതിയുടെ അധികാര പരിധിയിൽപ്പെട്ട കാര്യമായതിനാൽ ജയിലിൽ കഴിയുന്ന പ്രതികൾ വിചാരണത്തടവുകാരായി കഴിയുകയാണ്.

ഈ കേസ് വിചാരണയുടെ അന്തിമ ഘട്ടത്തിലാണ്. രോഗ ബാധിതരായിട്ടുള ളവരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

**(5) <u>വര്‍ക്കല മജിസ്ട്രേറ്റ് കോടതിയുടെ സ്റ്റോര്‍ റൂമില്‍ നടന്ന മോഷണം</u>**

**<u>ശ്രീ. വര്‍ക്കല കഹാര്‍</u>**: സെപ്റ്റംബര്‍ മാസം 10-ാം തീയതി വര്‍ക്കല ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയില്‍ ഒരു സംഘം ആളുകള്‍ സ്റ്റോര്‍ റൂമില്‍ കടന്നുകയറി വിചാരണയിലിരിക്കുന്ന കേസ്സുകളുമായി ബന്ധപ്പെട്ട ഗുരുതര സ്വഭാവമുള്ള വിലപ്പെട്ട രേഖകള്‍ അപഹരിക്കുകയും തൊണ്ടിമുത ലുകള്‍ നശിപ്പിക്കുകയുമുണ്ടായി. ഇത് കേവലമൊരു മോഷണമായി കാണാതെ വിദഗ്ദ്ധ പോലീസ് ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് നട പടിയുണ്ടാകണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണന്‍)</u>**: തിരുവനന്തപുരം ജില്ലയിലെ വര്‍ക്കല പോലീസ് സ്റ്റേഷന്‍ അതിര്‍ത്തിയിലുള്ള വര്‍ക്കല ജുഡീഷ്യല്‍ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയില്‍ 10-9-07 വൈകിട്ട് 6 മണിക്കുശേഷവും 11-9-07 രാവിലെ 6 മണിക്കുമിടയ്ക്ക് കോടതി ഓഫീസ് കെട്ടിടത്തിന്റെ വാതിലിന്റെ പൂട്ടുപൊളിച്ച് അകത്തുകടന്ന് 13,900 രൂപയും 14 പാസ്സ്പോര്‍ട്ടുകളും 6 മുദ്രപത്രങ്ങളും കള്ളനോട്ട് കേസ്സില്‍ കണ്ടെടുത്ത 10 രൂപയുടെ 156 വ്യാജ കറന്‍സികളും മോഷ്ടിക്കപ്പെട്ടതായി കണ്ടു. വ്യാജകറന്‍സികള്‍ കോടതി വരാന്തയില്‍ ചിതറിയിടുകയും പാസ്സ്പോര്‍ട്ടുകളും മുദ്രപത്രങ്ങളും മുന്‍സിഫ് കോടതിയുടെ പിന്‍ഭാഗത്തുവച്ച് തീയിട്ട് ഭാഗികമായി നശിപ്പി ച്ചതായും റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ട്. പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തില്‍ ഇന്ത്യന്‍ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകള്‍ പ്രകാരം കേസ് രജിസ്റ്റര്‍

ചെയ്തിട്ടുണ്ട്. കേസ്സന്വേഷണത്തിന് ഫോറൻസിക്, ഡോഗ് സ്ക്വാഡ്, ഫിംഗർ പ്രിന്റ് എന്നീ വിഭാഗങ്ങളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇത് കേവലമൊരു മോഷണമായി കാണാതെ ഡി.സി.ആർ.ബി.യുടെ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് കേസ്സന്വേഷിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

**(6) IIEST, ഐസർ, IIT, കേന്ദ്ര സർവ്വകലാശാല തുടങ്ങിയവ ആരംഭിക്കൽ**

ശ്രീ. ജി. കാർത്തികേയൻ: വിദ്യാഭ്യാസ മേഖലയിൽ കേരളത്തിന്റെ ഔന്നിത്യവും ദേശീയ അന്തർദ്ദേശീയ മേഖലയിലെ കേരളത്തിന്റെ സാന്നിദ്ധ്യവും അനുസരിച്ചുള്ള കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും സംസ്ഥാനത്ത് ഇല്ല. കേരളത്തിന് അനുവദിക്കുകയും അവസാന നിമിഷം നഷ്ടമാവുകയും ചെയ്ത ഐ.ഐ.ടി., ഐ.ഐ.ഇ.എസ്.ടി., ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (ഐസർ), കേന്ദ്ര സർവ്വകലാശാല എന്നിവ നിർബന്ധമായും സംസ്ഥാനത്തിന് കിട്ടുന്നതിനും അവ സമയബന്ധിതമായി ആരംഭിക്കുന്നതിനുമുള്ള ശ്രമങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ചെന്നൈ ഐ.ഐ.ടി.യുടെ ഒരു സാറ്റലൈറ്റ് സ്ഥാപനം കേരളത്തിൽ തുടങ്ങുന്നതിന് തീരുമാനമെടുത്ത് സ്ഥലം അന്വേഷിക്കാൻ തുടങ്ങിയപ്പോൾ അത് അനുവദിക്കേണ്ടതില്ലെന്ന് കേന്ദ്ര മാനവ വിഭവശേഷി വകുപ്പ് തീരുമാനമെടുത്തു. കേന്ദ്രമന്ത്രിയുമായി ഇക്കാര്യം സംസാരിച്ചപ്പോൾ ഒരു ഐ.ഐ.ടി. കേരളത്തിന് അവകാശപ്പെട്ടതാണെന്നുള്ളത് കേന്ദ്രഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെന്നും 11-ാം പദ്ധതിയുടെ ഭാഗമായി ഇതിൽ തീരുമാനമെടുക്കാമെന്നുമാണ് പറഞ്ഞത്. എഞ്ചിനീയറിംഗ് കോളേജുമായി

ബന്ധപ്പെട്ട് താൽക്കാലികമായി ഐസറിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ധാരണയായിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽത്തന്നെ ഇതിന് സ്ഥലം കണ്ടെത്തി കേന്ദ്ര ഗവൺമെന്റിനുകൂടി ബോധ്യപ്പെട്ടാൽ മാത്രമേ സ്ഥിരം സംവിധാനമുണ്ടാവുകയുള്ളൂ. കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് സയൻസ് ആന്റ് ടെകനോളജി (ഐ.ഐ.ഇ.എസ്.ടി.) ആയി ഉയർത്തുമ്പോൾ കേരളത്തിന്റെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുകയും ഇവിടെയുള്ള വിദ്യാർത്ഥികൾക്ക് ന്യായമായ പ്രവേശനം ലഭിക്കുമെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. 50% വിദ്യാർത്ഥികൾക്ക് കേരളത്തിൽ നിന്നും പ്രവേശനം നൽകാമെന്ന് കേന്ദ്രഗവൺമെന്റ് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ ലോകത്തെ മൂന്നാമത്തെ ഐസർ തിരുവനന്തപുരത്ത് നിലവിൽ വരികയാണ്. കേരളത്തിൽ ആദ്യമായി ഒരു കേന്ദ്ര സർവ്വകലാശാല സ്ഥാപിക്കുന്നതിന് 500 ഏക്കർ സ്ഥലം ലഭ്യമാക്കണമെന്ന് കേന്ദ്രഗവൺമെന്റ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ലഭ്യമാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കാനായി ചീഫ് സെക്രട്ടറി ഉൾപ്പെട്ട ഒരു കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ കേരളത്തിന്റെ കുതിച്ചുചാട്ടത്തിന് യോജിച്ച പ്രവർത്തനം ആവശ്യമാണ്.

### (7) <u>ഇരിട്ടി ഗവൺമെന്റ് ആശുപത്രിയിൽ ഐ.പി. വിഭാഗം</u>

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u>: ആദിവാസികൾ കൂടുതലായുള്ള കണ്ണൂർ ജില്ലയിലെ ഇരിട്ടി ഗവൺമെന്റ് ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിച്ച് ഐ.പി. വിഭാഗം തുറന്നു പ്രവർത്തിപ്പിക്കുന്നതിനും ആധുനിക സൗകര്യങ്ങളോടുകൂടി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ): നാല് നഴ്സുമാരേയും നഴ്സിംഗ് അസിസ്റ്റന്റുമാരേയും അധികമായി കൊടുത്തിട്ടുണ്ട്. ഡോക്ടർമാരുടെ അഭാവത്തിന് പരിഹാര മായി കോട്ടയം മെഡിക്കൽ കോളേജിൽ നിന്നും എം.ബി.ബി.എസ്. കഴി ഞ്ഞിറങ്ങുന്ന രണ്ട് ഡോക്ടർമാരെ നിർബന്ധിത ഗ്രാമസേവനമെന്ന നില യിൽ ഇരിട്ടി സി.എച്ച്.സി.യിൽ പോസ്റ്റുചെയ്ത് അവിടത്തെ ഐ.പി. വിഭാഗം എത്രയും പെട്ടെന്ന് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കു ന്നതാണ്.

## (8) ഒറ്റപ്പാലം മണ്ഡലത്തിലെ ബധിര-മൂക വിദ്യാലയത്തിൽ ഹയർ സെക്കണ്ടറി കോഴ്സുകൾ

ശ്രീ. എം. ഹംസ: ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ബധിര-മൂക വിദ്യാലയത്തിന് ഉന്നത പഠനസൗകര്യം ഏർപ്പെടുത്താനും മാതൃകാ സ്പെഷ്യൽ സ്കൂളായി അതിനെ ഉയർത്താനും ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ബധിര-മൂക വിദ്യാലയത്തിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം അനുവദിക്കുമെന്ന് ഗവൺമെന്റ് ഉറപ്പുനൽകുകയാണ്.

## (9) ടി. സി. യിൽ ജാതിപ്പേര് തെറ്റായി രേഖപ്പെടുത്തിയ സംഭവം

ശ്രീ. സി.പി. മുഹമ്മദ്: കായംകുളം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ പഠിക്കുകയും രാമകൃഷ്ണ ആശ്രമം ഹോസ്റ്റലിൽ താമസിക്കുകയും ചെയ്തിരുന്ന ആദിവാസി മുതുക സമുദായത്തിൽപ്പെട്ട രണ്ട് വിദ്യാർത്ഥികളെ ക്ലാസ്സിൽനിന്നും പുറത്താക്കുകയും അവർക്ക്

നൽകിയ ടി.സി.യിൽ ജാതിപ്പേര് തെറ്റായി രേഖപ്പെടുത്തുകയും ചെയ്ത അനീതിക്ക് ഗവൺമെന്റ് ഇടപെട്ട് പരിഹാരമുണ്ടാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഇതുസംബന്ധിച്ച് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ വിദ്യാർത്ഥികളുടെ ലോക്കൽ ഗാർഡിയനായി രേഖപ്പെടുത്തിയിരിക്കുന്നത് ഹോസ്റ്റൽ വാർഡന്റെ പേരാണെന്നും അവർക്ക് പാലക്കാട് ബിഗ്ബസാർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പ്രവേശനം ലഭിച്ചിരിക്കുന്നു എന്നുമാണ് അറിയുന്നത്. ഇതുസംബന്ധിച്ച് ഗവൺമെന്റിന് കിട്ടിയിട്ടുള്ള പരാതിയുടെ അടിസ്ഥാനത്തിൽ നീതിരഹിതമായോ വിവേചനപരമായോ എന്തെങ്കിലുമുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

## (10) പാലക്കാട് ജില്ലാ ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. കെ.കെ. ദിവാകരൻ: പാലക്കാട് ജില്ലാ ആശുപത്രിയിലെ ഡബ്ള്യൂ ആന്റ് സി വിഭാഗം ഒരു സ്വതന്ത്ര ആശുപത്രിയായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഡോക്ടർമാരേയും നഴ്സുമാരേയും നിയമിക്കുന്നതിനും അവിടെ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കുന്നതിനും സി.ടി. സ്കാൻ അനുവദിക്കുന്നതിനും സി.ഡി.-4 കൗണ്ടിംഗ് മെഷീന് എ.ആർ.ടി. സംവിധാനം നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): നല്ല നിലയിൽ പ്രവർത്തിക്കുന്ന പാലക്കാട് ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെ അഭാവമില്ല. ഭൗതിക സാഹചര്യം കണക്കിലെടുത്തുമാത്രമേ ഡബ്ള്യൂ ആന്റ് സി പ്രത്യേക

ആശുപത്രിയാക്കുന്നതിന് സാധിക്കുകയുള്ളൂ. ഇതിൽ നിലവിലുള്ള കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് സാമ്പത്തിക കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ട് ആലോചിക്കാവുന്നതാണ്. പാലക്കാട് സ്വാശ്രയമേഖലയിൽ ഒരു മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നുണ്ട്. സി.ഡി.-4 കൗണ്ടിംഗ് മെഷീൻ ധാരാളം രോഗികൾ എത്തുന്ന സ്ഥലമെന്ന നിലയിൽ പാലക്കാട് ജില്ലാ ആശുപത്രിക്ക്മാത്രം നൽകിയിട്ടുള്ള സംവിധാനമാണ്.

## (11) <u>നാളികേരത്തിന്റെ വിലയിടിവ്</u>

<u>ശ്രീ. പി. വിശ്വൻ:</u> വിലയിടിവുമൂലം പ്രയാസമനുഭവിക്കുന്ന നാളികേര കൃഷിക്കാരെ രക്ഷിക്കുന്നതിന് സർക്കാർ പാക്കേജ് പ്രഖ്യാപിക്കണം

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ):</u> കേന്ദ്ര ഗവൺമെന്റ് പാമോയിൽ ഇറക്കുമതി ചെയ്തതും നാളികേരത്തിന്റെ ഉപയോഗം കുറഞ്ഞതുമാണ് വിലയിടിവിനുള്ള പ്രധാന കാരണം. ഇറക്കുമതി ചെയ്യുന്ന പാമോയിലിന് 300 ശതമാനം ചുങ്കം ചുമത്തി നിയന്ത്രണം കൊണ്ടുവരുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. പച്ച തേങ്ങയ്ക്ക് സംഭരണ വില നിശ്ചയിക്കണമെന്ന കേരളത്തിന്റെ അഭ്യർത്ഥന കേന്ദ്രഗവൺമെന്റ് പരിഗണിച്ചില്ലെങ്കിൽ കോഴിക്കോട് ഉൾപ്പെടെ ചില ജില്ലകളിൽ പച്ചത്തേങ്ങ സംഭരിക്കാനുള്ള തീരുമാനം സംസ്ഥാന ഗവൺമെന്റ് എടുക്കുന്നതാണ്. കോഴിക്കോട് ജില്ലയിൽ തെങ്ങിന് ബാധിച്ചിട്ടുള്ള രോഗം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് 4-10-2007-ന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു കൂട്ടുന്നതാണ്. നാളികേരത്തിൽനിന്നും വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിപാടിയും ആവിഷ്ക്കരിച്ചിട്ടുണ്ട്.

## (12) പാറശ്ശാല റെയിൽവേ സ്റ്റേഷനിൽ ചെക്ക്പോസ്റ്റ്

ശ്രീ. ആർ. ശെൽവരാജ്: റെയിൽവേ വഴിയുള്ള ചരക്കുകളുടെ കള്ളക്കടത്ത് തടയുന്നതിന് പാറശ്ശാല റെയിൽവേ സ്റ്റേഷനിൽ ഒരു ചെക്ക്പോസ്റ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): റെയിൽവേ സ്റ്റേഷനുകൾ വഴി നടത്തുന്ന ചരക്കുകളുടെ കള്ളക്കടത്തിന്റെ വിശദാംശം കേന്ദ്ര ധനകാര്യമന്ത്രിയെ ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കാൻ അനുവാദം ലഭിച്ചുവെങ്കിലും സാമ്പത്തിക പരിമിതി കാരണം എല്ലാ സ്റ്റേഷനുകളിലും ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കാൻ സാധ്യമല്ലാത്തതുകൊണ്ട് പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ മൊബൈൽ സ്ക്വാഡുകളെ വിന്യസിക്കാനും ചരക്കുകൾ നിശ്ചിത സ്ഥലങ്ങളിൽ മാത്രമേ ഇറക്കുവാൻ പാടുള്ളൂവെന്ന് നിർദ്ദേശം നൽകുവാനും നടപടികൾ സ്വീകരിക്കുന്നതാണ്.

## (13) കരിങ്കയത്ത് പാലം നിർമ്മാണം

ശ്രീ. സി.കെ.പി. പത്മനാഭൻ: കഴിഞ്ഞ വർഷമുണ്ടായ പ്രളയത്തിൽ ഒഴുകിപ്പോയ കുപ്പംപുഴയ്ക്ക് കുറുകെയുള്ള കരിങ്കയത്ത് പാലം പുന:സ്ഥാപിക്കാനാവശ്യമായ പണം അനുവദിക്കുന്നതിന് റവന്യൂ വകുപ്പ് നടപടി സ്വീകരിക്കണം. ഇത് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന തെറ്റായ വിവരം നൽകിയ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കുപ്പംപുഴയ്ക്ക് കുറുകെയുള്ള കരിങ്കയത്ത് പാലം നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 13 എന്ന പദ്ധതിയിലുൾപ്പെടുത്തി പണിയാൻ ബ്ലോക്ക് പഞ്ചായത്ത്

തീരുമാനിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകാൻ കഴിയുമോ എന്നുള്ള കാര്യത്തിൽ ബന്ധപ്പെട്ട എം.എൽ.എം.യുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് സഹായകരമായ നിലപാട് സ്വീകരിക്കുന്നതാണ്. .ഇത് നബാർഡിന്റെ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന തെറ്റായ വിവരം നൽകിയെന്നത് സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(14) <u>മെഡിക്കൽ പ്രവേശനത്തിൽ സീറ്റ് നഷ്ടപ്പെടുന്ന സാഹചര്യം</u>

<u>ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി:</u> മെഡിക്കൽ പ്രവേശനത്തിൽ പിന്നോക്ക-ന്യൂനപക്ഷ സംവരണ വിഭാഗങ്ങൾക്ക് സീറ്റ് നഷ്ടപ്പെടുന്നതായി വ്യാപകമായി പരാതി ഉയർന്നുവരികയാണ്. മെറിറ്റിൽ 556-ഉം റിസർവ്വേഷനിൽ 299 സീറ്റുമാണ് ആകെ അലോട്ടുമെന്റ്. മെറിറ്റ് സീറ്റിലേയ്ക്കുള്ള അലോട്ടുമെന്റ് കഴിഞ്ഞതിനുശേഷം മാത്രമേ സംവരണ സീറ്റിൽ അലോട്ടുമെന്റ് നടത്താൻ പാടുള്ളൂവെന്ന സുപ്രീം കോടതി വിധിയെ മറികടന്നുകൊണ്ട് എൻട്രൻസ് കമ്മിഷണർ മെറിറ്റ് സീറ്റിൽ അലോട്ടുമെന്റ് നടത്തുകയും ഗവൺമെന്റ് കോളേജിൽ റിസർവേഷൻ അലോട്ടുമെന്റ് നടത്തുകയും ചെയ്തതിനുശേഷം സെൽഫ് ഫൈനാൻസിംഗ് കോളേജുകളിൽ സീറ്റ് അലോട്ടുമെന്റ് നടത്തിയതുമൂലം. പിന്നോക്ക-ന്യൂനപക്ഷ സംവരണ വിഭാഗങ്ങൾക്ക് അർഹതപ്പെട്ട സീറ്റുകൾ നഷ്ടപ്പെട്ടിരിക്കുകയാണ്. 119 സീറ്റുകൾ സംവരണ സമുദായങ്ങൾക്ക് നഷ്ട പ്പെട്ടതിനെക്കുറിച്ച് പരിശോധിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി</u>): എം.ബി.ബി.എസ്. സീറ്റ് അലോട്ട്മെന്റിന്റെ കാര്യത്തിൽ കഴിഞ്ഞ വർഷത്തെ രീതി തന്നെയാണ് ഈ വർഷവും അവലംബിച്ചിട്ടുള്ളത്. ജനറൽ

മെറിറ്റ് സീറ്റിലും സംവരണസീറ്റിലും അർഹത നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ കാര്യത്തിൽ 1998 മുതൽ സീറ്റ് അലോട്ട്മെന്റ് നടത്തുന്നത് ഫ്ളോട്ടിംഗ് സീറ്റ് സമ്പ്രദായത്തിലാണ്. ജനറൽ മെറിറ്റിലുള്ള പ്രവേശനം മുഴുവൻ പൂർത്തിയായിക്കഴിഞ്ഞാൽ പിന്നീട് സംവരണ സീറ്റിൽ അലോട്ട്മെന്റ് നടത്തും. 2006-ൽ ആദ്യ അഡ്മിഷനിൽ സംവരണാടിസ്ഥാനത്തിൽ ഈഴവ സമുദായത്തിലെ 58 പേർക്കും മുസ്ളീം സമുദായത്തിലെ 52 പേർക്കും ഫ്ളോട്ടിംഗ് സീറ്റ് സമ്പ്രദായ പ്രകാരം യഥാക്രമം 13-ഉം 25-ഉം പേർക്ക് അഡ്മിഷൻ ലഭിക്കുകയുണ്ടായി. ഈ വർഷവും ഇതേ രീതി തുടർന്നുകൊണ്ടിരിക്കുകയാണ്. ഈ മാസം 1-ാം തീയതി പ്രസിദ്ധീകരിച്ച ഒന്നാം അലോട്ട്മെന്റ് ലിസ്റ്റ് പ്രകാരം സംവരണാടിസ്ഥാനത്തിൽ ഈഴവ സമുദായത്തിലെ 59 വിദ്യാർത്ഥികൾക്കും ഫ്ളോട്ടിംഗ് സീറ്റടിസ്ഥാനത്തിൽ 8 പേർക്കും സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രവേശനം ലഭിച്ചു. അതുകൂടാതെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 16 സീറ്റുകൾ ഈ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുണ്ട്. മുസ്ളീം സമുദായത്തിലെ 52 വിദ്യാർത്ഥികൾക്ക് സംവരണാടിസ്ഥാനത്തിലും 27 പേർക്ക് ഫ്ളോട്ടിംഗ് സീറ്റ് സമ്പ്രദായത്തിലും ഈ വർഷം സീറ്റ് ലഭിച്ചു. പക്ഷെ ഈ വർഷം 4 സ്വാശ്രയ മെഡിക്കൽ കോളേജുകൾ പ്രോസ്പെക്ടസിൽ പ്രതിപാദിച്ചതനുസരിച്ചുള്ള പിന്നോക്ക/പട്ടിക ജാതി/പട്ടിക വർഗ്ഗ സംവരണ ശതമാനം നടപ്പാക്കിയിട്ടില്ല. മെമ്പർ ഉന്നയിച്ച തരത്തിലുള്ള ചില പരാതികളുമായി ചില ആളുകൾ ഗവൺമെന്റുമായി നേരിട്ട് സംസാരിക്കണമെന്ന് അഭ്യർത്ഥിച്ചതനുസരിച്ച് ഇന്നുച്ചയ്ക്ക് 2.30 -ന് ചർച്ച നിശ്ചയിച്ചിട്ടുണ്ട്. അതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

(1) 2007-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബില്ലും 2007 -ലെ കൊച്ചി ശാസ്ത്ര, സാങ്കേതികശാസ്ത്ര സർവ്വകലാശാലാ (ഭേദഗതി) ബില്ലും 2007-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ഭേദഗതി ബില്ലും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) 2007-ലെ കേരള കയർ തൊഴിലാളിക്ഷേമ സെസ്സ് ബില്ലിനെ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണകാര്യം

**(1) <u>2007-ലെ കേരള മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ</u>**

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ):</u> 2007 -ലെ കേരള മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ:</u> ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ):</u> 2007-ലെ കേരള മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ ഒരു

സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പി ക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയത്തെ പിന്താ ങ്ങുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): കേരളത്തിന്റെ സമ്പദ്ഘടനയിലും സാമൂഹിക വളർച്ചയിലും വിലപ്പെട്ട സംഭാ വനകൾ നൽകുന്ന മൽസ്യബന്ധന മേഖല വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. 2006-07-ൽ മൽസ്യ കയറ്റുമതി 1520 കോടി രൂപയിലധികമായി വർദ്ധിച്ചു. ഇൻഡ്യയിൽ നിന്നുള്ള സമുദ്രോൽപ്പന്നങ്ങ ളുടെ കയറ്റുമതിയുടെ 20 ശതമാനം കേരളത്തിൽ നിന്നുള്ളതാണ്. കേരള ത്തിൽ നാണ്യവിളകളുൾപ്പെടെയുള്ള മൊത്തം കയറ്റുമതിയുടെ 40 ശതമാനവും സമുദ്രോൽപ്പന്ന കയറ്റുമതിയാണ്. ആദിവാസി കഴിഞ്ഞാൽ ഏറ്റവുമധികം ജീവിതത്തകർച്ച നേരിടുന്ന ഒരു വിഭാഗം മൽസ്യത്തൊഴിലാളി കളാണെന്നാണ് വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ അഭിപ്രായപ്പെടുന്നത്. സാമ്പത്തിക, സാമൂഹിക, വിദ്യാഭ്യാസ-ആരോഗ്യപരമായ പിന്നോക്കാവസ്ഥ യാണ് ഈ മേഖലയിലൊട്ടാകെ ദൃശ്യമാകുന്നത്. ഇവരുടെ പരിരക്ഷ യ്ക്കായി ഭരണഘടനാപരമായ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സാധ്യമായ നടപടികൾ സ്വീകരിക്കാനായിട്ടാണ് സംസ്ഥാന സർക്കാർ ഈ ബിൽ അവത രിപ്പിച്ചിട്ടുള്ളത്. ബ്ളേഡ് വട്ടിപ്പലിശക്കാർ മത്സ്യ മേഖലയിലുള്ളവരെ ചൂഷ ണം ചെയ്യുന്ന അവസ്ഥയ്ക്ക് വിരാമമിടണം. വർഷങ്ങളായി വാങ്ങിയ കടം പലിശ സഹിതം തരിച്ചടയ്ക്കാനാകാത്തവിധം വർദ്ധിച്ച് വീണ്ടും കടക്കെണി യിലകപ്പെട്ടവരെ സംരക്ഷിക്കുകയും ഈ മേഖലയിൽ ആശ്വാസ നടപടികൾ

സ്വീകരിക്കുകയുമാണ് കേരള മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ നിയമം കൊണ്ടുദ്ദേശിക്കുന്നത്. വായ്പകൾ ഒറ്റത്തവണ തീർപ്പാക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ആവലാതികൾ അന്വേഷിക്കുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും വിപുലമായ അധികാരത്തോടുകൂടിയ ഒരു കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ രൂപവൽക്കരിക്കാനും സംസ്ഥാനത്തെ കടബാദ്ധ്യതയിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകാനും ഈ നിയമത്തിലൂടെ ഗവൺമെന്റ് ലക്ഷ്യമിടുന്നു. മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് സെസ്സ് പിരിക്കാൻ സ്വീകരിച്ച നടപടി പ്രാബല്യത്തിൽ വന്നു കഴിഞ്ഞാൽ മൽസ്യത്തൊഴിലാളി മേഖലയിൽ കൂടുതൽ ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ കഴിയും. സുനാമി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരിതമനുഭവിക്കുന്നവർക്കായി ആശ്വാസ നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇവിടെ നടക്കുന്ന ചർച്ചകൾക്കു ശേഷം സെലക്ട് കമ്മിറ്റി കേരളത്തിലെ തീരപ്രദേശങ്ങളിൽ സഞ്ചരിച്ച് അവരുടെ ദുരിതങ്ങൾ മനസ്സിലാക്കി അവർക്കാവശ്യമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കഴിയുന്ന രീതിയിലുള്ള നിയമനിർമ്മാണം നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. വിശ്വൻ : 2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ ദശലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികൾ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ സർക്കാർ മുന്നോട്ടുവന്നിരിക്കുകയാണ്. ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും മത്സ്യത്തൊഴിലാളി

കൾക്കായി ഇങ്ങനെ ഒരു ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ മേഖലയിലെ 8.5 ശതമാനത്തോളം മത്സ്യത്തൊഴിലാളികളും മുഴുവൻ സമയവും മത്സ്യബന്ധനത്തിൽ ഏർപ്പെട്ടവരാണ്. അവർ സഹകരണ മേഖലയിൽനിന്നു മാത്രമല്ല കടം വാങ്ങിയിട്ടുള്ളത്. വ്യക്തികൾ, ബ്ലെയ്ഡ് കമ്പനികൾ തുടങ്ങിയവരൊക്കെ ഇവരെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു. സുനാമിദുരന്തത്തിൽപ്പെട്ട് ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളെ കടബാദ്ധ്യതയിൽ നിന്നും മോചിപ്പിക്കേണ്ട ബാദ്ധ്യതയുണ്ട്.. സുനാമിക്കുശേഷം കടലിന്റെ ആവാസ വ്യവസ്ഥയിൽ കാതലായ മാറ്റം വരികയും മത്സ്യസമ്പത്ത് കുറയുകയും ചെയ്തു. അയൽ സംസ്ഥാനങ്ങളിനിന്നും മൂവായിരം യന്ത്രവൽക്കൃതബോട്ടുകളും ട്രോളറുകളും കേരളത്തിന്റെ കടലോരത്ത് വരുന്നുണ്ട്. ഇതുകൂടാതെ ബി.ജെ.പി. സർക്കാരിന്റെ നയംമൂലം ആഴക്കടലിൽ പീലിംഗ് വരെ കപ്പലിൽ വച്ച് നടത്തി മൽസ്യം വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്ന രൂപത്തിൽ എത്തിക്കഴിഞ്ഞിരിക്കുകയാണ്.. ഇന്ത്യയിലുള്ള മൽസ്യ സമ്പത്ത് മുഴുവൻ ചൂഷണം ചെയ്യുന്നതിനുള്ള ആധുനിക യന്ത്രങ്ങൾ ഇവിടെയില്ല. അതുകൊണ്ട് മത്സ്യസംസ്ക്കരണ കയറ്റുമതി മേഖലയിൽ വിദേശകമ്പനികൾ വൻതോതിൽ പ്രവർത്തിച്ചു വരുന്നു. തായ്‌ലന്റിൽനിന്നും 80 ഇനം മത്സ്യം ഇറക്കുമതി ചെയ്യാനുള്ള തീരുമാനം സംസ്ഥാനത്തിന്റെ മൽസ്യമേഖലയെ പ്രതികൂലമായി ബാധിക്കുന്നതാണ്. വൻ വിലകൊടുത്ത് മണ്ണെണ്ണ വാങ്ങി മത്സ്യബന്ധനം നടത്തി മൽസ്യം വിറ്റാൽ കിട്ടുന്ന പണംകൊണ്ട് വാങ്ങിയ കടംപോലും തിരിച്ചടയ്ക്കാൻ കഴിയാതെ മൽസ്യത്തൊഴിലാളികൾ. തകർന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ഇത്തരം ഒരു ബിൽ

കൊണ്ടുവരാൻ ഈ സർക്കാർ എടുത്ത നടപടി ചരിത്രം മറക്കില്ല. 187 തീരദേശ ഗ്രാമങ്ങളുള്ള കേരളത്തിൽ. സുനാമി ദുരന്തത്തിന്റെ ഭാഗമായി 11 ലക്ഷത്തോളംവരുന്ന മൽസ്യത്തൊഴിലാളി കുടുംബങ്ങളുടെ സുരക്ഷിതത്വം നഷ്ടപ്പെടുകയും 176 ആളുകൾ മരിക്കുകയും 17,381 വീടുകൾ തകർന്നുപോകുകയും ചെയ്തിരിക്കുന്നു. കടലോര മേഖലയിൽ ദുരിതം അനുഭവിക്കുന്ന മൽസ്യത്തൊഴിലാളികളെ രക്ഷിക്കാനുള്ള ഈ സർക്കാരിന്റെ പ്രതിബദ്ധതയാണ് ഈ ബില്ലന്റെ അവതരണത്തിലൂടെ വ്യക്തമാകുന്നത്.

ശ്രീ. എ. പ്രദീപ് കുമാർ: 2007-ലെ കേരള മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കടബാദ്ധ്യതമൂലം ദുരിതത്തിലായിട്ടുള്ള കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്ന ഒരു കമ്മീഷൻ രൂപീകരിക്കുന്നതിനായി മുൻകൈയെടുത്തതിന് ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. ആദിവാസികൾ കഴിഞ്ഞാൽ ഏറ്റവുമധികം ജീവിതദുരിതം അനുഭവിക്കുന്നത് മത്സ്യത്തൊഴിലാളികളാണ്. കഴിഞ്ഞ വർഷം 1500 കോടിയിൽപ്പരം രൂപയുടെ വിദേശനാണ്യം ഖജനാവിന് നേടിയെടുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന മൽസ്യമേഖലയിലെ തൊഴിലാളി വിഭാഗം എന്തുകൊണ്ടാണ് ദയനീയമായിട്ടുള്ള ഒരു ജീവിത പരിതസ്ഥിതി അഭിമുഖീകരിക്കുന്നത്. എന്നുള്ളത് ചർച്ച ചെയ്യേണ്ട പ്രശ്നമാണ്. ഏറ്റവും അപകടകരമായിട്ടുള്ള ഒരു സാഹചര്യത്തിലാണ് അവർ എപ്പോഴും ജോലിചെയ്യുന്നത്. പ്രകൃതിക്ഷോഭംമൂലം ഏതു സമയത്തും ജീവനു നഷ്ടമുണ്ടാകുന്നു.

അതുപോലെ വർഷത്തിൽ പൂർണ്ണമായിട്ടും ജോലി ലഭിക്കുന്നില്ല. ജീവിക്കുന്നതിനുവേണ്ടി കടം വാങ്ങേണ്ടിവരുന്ന ഈ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.. കേരളത്തിലെ 90 ശതമാനം മത്സ്യത്തൊഴിലാളികളും കടത്തിൽ അകപ്പെട്ടിരിക്കുന്നു. 400 കോടിയോളം രൂപയുടെ കടബാദ്ധ്യതയാണ് ഇന്ന് അവർ നേരിടുന്നത്. മൽസ്യഫെഡ്ഡിനു തന്നെ 100-കോടിയോളം രൂപ പല ഇനങ്ങളിലായി തിരിച്ചടയ്ക്കാനുണ്ട്. ഈ നിയമനിർമ്മാണം വഴി അവരെ കടക്കെണിയിൽനിന്നും രക്ഷിക്കാനുള്ള മാർഗ്ഗമുണ്ടാകണം. കേരളത്തിൽ നിന്നുള്ള സമുദ്രോൽപ്പന്ന കയറ്റുമതിയിലൂടെ ഏറ്റവും കൂടുതൽ റവന്യൂ കിട്ടുന്നത് കേന്ദ്ര ഗവൺമെന്റിനാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക പരിഗണന സംസ്ഥാന ഗവൺമെന്റിന് കിട്ടണം. മുതലാളിമാർക്കും ഇടത്തട്ടുകാർക്കുമല്ലാതെ മൽസ്യത്തൊഴിലാളികൾക്ക് ഒരു നേട്ടവും മത്സ്യം കയറ്റുമതി ചെയ്യുന്നതിലൂടെ കിട്ടുന്നില്ല. മത്സ്യ കയറ്റുമതിയിലൂടെ ഒരു വർഷം 1500 കോടി രൂപയുടെ എക്സ്പോർട്ട് റവന്യൂ ഉണ്ടാകുമ്പോൾ രാജ്യത്തിന്റെ ഖജനാവിന് വലിയ സംഭാവന നൽകുന്നു എന്നുള്ള പരിഗണന നൽകി അതിൽ ഒരു ചെറിയ വിഹിതം കേരളത്തിലെ മൽസ്യത്തൊഴിലാളി കൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. അതിന് പ്രതിപക്ഷം ഉൾപ്പെടെ സഹകരിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൽസ്യത്തൊഴിലാളികളുടെ ജീവിത സുരക്ഷിതത്വത്തിനുള്ള പദ്ധതികൾ ഒന്നൊന്നായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കു കയാണ്. കടബാദ്ധ്യതയിൽപ്പെട്ടുഴലുന്ന മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ കമ്മീഷൻ വഴി ആശ്വാസം നൽകാനുള്ള നടപടിയുണ്ടാകുന്നതോടൊപ്പം. ബ്ലേഡ്-വട്ടിപ്പലിശക്കാരുടെ ചൂഷണത്തിന്

വിധേയമാകാതെ അവർക്ക് വായ്പ ലഭിക്കുന്നതിനുള്ള സൗകര്യവുമുണ്ടാക്കണം. മൽസ്യത്തൊഴിലാളികൾക്ക് സാമ്പത്തികാനുകൂല്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ കഴിയുന്ന നിലയിലാണ് ഈ കമ്മീഷന്റെ രൂപീകരണം. മൽസ്യം എന്ന നിർവ്വചനത്തിൽ 'കല്ലുമ്മക്കായ' കൂടി ഉൾപ്പെടുത്തണം. ഗ്രാമീണ മണിലെൻഡേഴ്സ് എന്നുപറഞ്ഞാൽ ബ്ലേഡ് കമ്പനിക്കാരും വട്ടിപ്പലിശക്കാരും ഉൾപ്പെടുമെന്നും അവരെ സമൂഹത്തിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലെന്നും അതുകൊണ്ട് അവർക്ക് ഒരു സോഷ്യൽ ലീഗൽ സ്റ്റാറ്റസ് നൽകണമെന്നുമാണ് ഗുപ്ത കമ്മിറ്റിയുടെ നിഗമനം. ഇത്തരത്തിൽ ജനവിരുദ്ധമായ നടപടികൾ റിസർവ്വ് ബാങ്കിന്റെ ഭാഗത്തുനിന്ന് തുടർച്ചയായി ഉണ്ടാകുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇത്തരം കാര്യങ്ങളിൽ സ്വീകരിക്കുന്ന അപകടകരമായ നയങ്ങൾക്കെതിരെ കേരള ജനത ഒറ്റക്കെട്ടായി ശബ്ദിക്കണം.

<u>ശ്രീ. ടി.എൻ. പ്രതാപൻ</u>: ഈ ബില്ലിനെ യു.ഡി.എഫ്. അംഗീകരിക്കുകയാണ്. ഒരു നിയമം ഉണ്ടാക്കുമ്പോൾ 18-ാം നൂറ്റാണ്ടിലും 19-ാം നൂറ്റാണ്ടിലും ഉണ്ടാക്കിയ നിയമവാചകങ്ങൾതന്നെ അതേപടി എടുത്ത് പകർത്തുന്നത് ഒട്ടും ശാസ്ത്രീയമായ കാര്യമല്ല. സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ശേഷം ബില്ലിന്റെ നിർവ്വചനത്തിൽ പറയുന്ന □ഉത്തമർണ്ണൻ□ എന്ന വാക്കിനുപകരം സാധാരണക്കാർക്ക് മനസ്സിലാകുന്ന ലളിതമായ പദപ്രയോഗങ്ങൾ ഉൾപ്പെടുത്തണമെന്ന് നിയമവകുപ്പിന് നിർദ്ദേശം നൽകണം. കർഷക കടാശ്വാസ കമ്മീഷൻ നിയമത്തിന്റെ ഗതികേട് ഈ നിയമം നിലവിൽവരുമ്പോൾ ഉണ്ടാകാൻ പാടില്ല. ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി ബിൽ അവതരിപ്പിച്ചുകൊണ്ട്

സംസാരിച്ചപ്പോൾ  സഹകരണ ബാങ്കുകളിൽ നിന്നും യാതൊരു സഹായവും പ്രതീക്ഷിക്കണ്ട എന്ന ധ്വനിയുള്ള പ്രസംഗമാണ് ബഹുമാനപ്പെട്ട സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിലെ ഒരു വിഭാഗം ഈ ബില്ലിന്റെ കടയ്ക്കൽ കത്തിവയ്ക്കാൻ ശ്രമിക്കുന്നതിന്റെ തെളിവാണിത്. ഈ ബിൽ മൽസ്യത്തൊഴിലാളികൾക്ക് ഗുണകരമാകണം. .മത്സ്യഫെഡിലെ മുൻകാല കടങ്ങൾ എഴുതിത്തള്ളുന്നതിന് ശ്രമം ഉണ്ടാകണം. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ ജപ്തി നോട്ടീസിന്റെ വക്കിലാണ്. ഈ കടാശ്വാസ കമ്മിഷൻ യഥാർത്ഥ്യമാകുന്നതു വരെ ജപ്തി നടപടികൾ നിർത്തിവയ്ക്കാനുള്ള തീരുമാനം ഗവൺമെന്റിൽ നിന്ന് ഉണ്ടാകണം. കമ്മീഷനിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളുടെ എണ്ണം 2 ആക്കണം; കമ്മീഷനിലെ അംഗങ്ങളുടെ എണ്ണം 5 ആക്കണം. കമ്മീഷന്റെ അധികാരങ്ങളേയും ചുമതലകളേയുംപറ്റി പറയുന്ന ക്ലാസ്സ് 5  ഒരു ഉപദേശക സമിതിയുടെ രൂപത്തിൽ മാത്രമുള്ളതാണ്. അതിന് മാറ്റം വരണം. തീരുമാനങ്ങളെടുക്കാനുള്ള അധികാരം കമ്മീഷന് നൽകണം. ധനകാര്യ മെമ്മോറാണ്ടത്തിൽ 60 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത് ചെയർമാന്റെയും സ്റ്റാഫുകളുടേയും ശമ്പളം, സിറ്റിംഗ് ഫീ, വാഹനം വാങ്ങൽ തുടങ്ങിയവയ്ക്കാണ്. തീരപ്രദേശങ്ങൾ സ്ഥിരം ദുരിതബാധിത പ്രദേശങ്ങളാണ്. തീരപ്രദേശത്ത് പല സ്ഥലത്തും സ്ഥിരമായി കടൽക്ഷോഭമുണ്ടായി മത്സ്യത്തൊഴിലാളികൾക്ക് അപകടമുണ്ടാകുന്നു. അതുകൊണ്ട് തീരദേശ ജില്ലയിലെ രണ്ട് വാർഡുകളെയെങ്കിലും  സ്ഥിരമായി ദുരിതബാധിത പ്രദേശമായി പ്രഖ്യാപിക്കണം. സുനാമിക്ക് അനുവദിച്ച പണം എത്ര ചെലവു ചെയ്തു എന്നുള്ള കാര്യത്തിൽ വ്യക്തത ഉണ്ടാകണം.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുവേണ്ടിയുള്ള സ്കോളർഷിപ്പ് പദ്ധതിയിലെ അപാകതകൾ പരിഹരിക്കണം. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ബി.പി.എൽ.-നു താഴെയുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. ഈ ആനുകൂല്യം അർഹരായവർക്ക് കൊടുക്കണം. സുനാമി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഫിഷറീസ് വകുപ്പിന്റെ മോണിട്ടറിംഗ് നിർബന്ധമായിട്ട് ഉണ്ടാകണം. ഈ ബിൽ കുറ്റമറ്റതാക്കണം. .

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഈ ബിൽ കുറ്റമറ്റതാക്കുന്നതിനും അതിന്റെ എല്ലാ വശങ്ങളും സൂക്ഷ്മമായി വിലയിരുത്തി തീരുമാനം എടുക്കുന്നതിനുമാണ് സെലക്ട് കമ്മിറ്റിക്ക് വിട്ടത്. കേരളത്തിലെ എല്ലാ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലും സെലക്ട് കമ്മിറ്റി യോഗം ചേർന്ന് അവരുടെ അഭിപ്രായങ്ങൾ കേട്ടശേഷം ജനാധിപത്യപരമായ രീതിയിൽ ഒരു നിയമം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. കൃത്യമായി എത്ര തുക ചെലവാകുമെന്ന് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടില്ല എന്നത് ശരിയാണ്. ബ്ലേഡ് കമ്പനിക്കാരും വട്ടിപ്പലിശക്കാരും മത്സ്യത്തൊഴിലാളികളിൽ നിന്ന് കൊള്ളപ്പലിശ ഈടാക്കുന്നുണ്ട്. ഈ നിയമം നടപ്പിലാകുന്നതോടുകൂടി അവർക്ക് ഒരു പ്രൊട്ടക്ഷൻ ഉണ്ടാകുമെന്നാണ് കരുതുന്നത്. മത്സ്യഫെഡ്ഡിൽ നിന്നും വായ്പയെടുത്ത തൊഴിലാളികൾക്കുള്ള കടബാധ്യത മീറ്റ് ചെയ്യേണ്ടതുണ്ട്. അതിന് ഒരു കമ്മീഷനെ നിയോഗിച്ച് സയന്റിഫിക്കായി പരിശോധന നടത്തി ടൈംബൗണ്ടായി കാര്യങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾത്തന്നെ സെൻട്രൽ അസിസ്റ്റൻസ് കിട്ടുന്ന സ്കീമുകൾക്ക് പ്രത്യേകം എമൗണ്ട് ഉണ്ട്. അത് പ്രയോജനപ്പെടുത്താനാവശ്യമായ സാധ്യതയെക്കുറിച്ച് ചർച്ച നടത്തി

യിട്ടുണ്ട്. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്കുള്ള കടം രണ്ട് രൂപത്തിൽ മീറ്റ് ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സെലക്ട് കമ്മിറ്റി യുടെ പഠനവും ചർച്ചയും കഴിഞ്ഞ് അവസാനം ഒരു നിഗമനത്തിലെത്താം. ആ കടം ഗവൺമെന്റ് ഷെയറാക്കി കണ്ടുകൊണ്ട് കടത്തിൽനിന്നും സംഘ ങ്ങളെ മോചിപ്പിക്കുന്നതുവഴി തൊഴിലാളികൾക്ക് പ്രൊട്ടക്ഷൻ ലഭിക്കും. ഇതിന് ബഡ്ജറ്റ് സപ്പോർട്ട് ആവശ്യമായി വരും. സെലക്ട് കമ്മിറ്റി ചർച്ച കഴിഞ്ഞ് വരുന്ന സന്ദർഭത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. നിയമം നിലവിൽ വരുമ്പോൾ എത്ര തുക വേണ്ടിവരുമെന്ന് ഇപ്പോൾ കൃത്യമായി കണക്കാക്കാൻ കഴിയുന്ന തല്ല എന്ന് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുണ്ട്. ആ അർത്ഥ ത്തിൽ വന്ന വിമർശനങ്ങൾ ഗവൺമെന്റ് നല്ല രീതിയിലാണ് കാണുന്നത്. പ്രധാനമന്ത്രിയുടെ പ്രത്യേക ഫണ്ടിൽ നിന്നാണ് തീരദേശത്തെ കുട്ടികളുടെ പഠനത്തിനും മറ്റ് ആരോഗ്യ സംരക്ഷണത്തിനും വേണ്ടിയുള്ള ഇൻഷ്വറൻസ് സ്കീം അംഗീകരിച്ചിട്ടുള്ളത്. ഈ സ്കീമിൽ ഒരാളേയും പുതുതായി ചേർക്കുകയോ ഒഴിവാക്കുകയോ ചെയ്തിട്ടില്ല. ഇതിൽ ധാരാളം അനോമലി കടന്നുകൂടിയിട്ടുണ്ട്. ഇത് എങ്ങനെ റെക്ടിഫൈ ചെയ്യാൻ കഴിയുമെന്നത് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സ്കോളർഷിപ്പിന് കുട്ടി കളെ തെരഞ്ഞെടുത്തതിൽ അപാകതയുണ്ടായതായി ഇവിടെ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അത് നിർത്തിവയ്ക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് സംബന്ധിച്ച് ഒരുപാട് ചർച്ച നടത്തി. ഇവിടെ വന്നിട്ടുള്ള ലിസ്റ്റിൽ മലപ്പുറം ജില്ലയിൽ നിന്ന് ആരുമില്ലായിരുന്നു. തൃശ്ശൂർ ജില്ലയിൽ നിന്ന് 7 പേരുണ്ടായുന്നു. ഇക്കാര്യം പരിശോധിച്ചപ്പോൾ അന്ന് ജില്ലാ കളക്ടർമാ

രുടെ കയ്യിൽനിന്ന് ഡിസാസ്റ്റർ മാനേജ്മെന്റുകാർ ലിസ്റ്റുണ്ടാക്കി അപ്രൂവ് ചെയ്തതാണ് എന്ന് മനസ്സിലായി. അതിൽ മാറ്റം വരുത്താൻ സാധ്യമല്ല. ഈ ലിസ്റ്റ് പ്രകാരം ഓരോ കുട്ടിക്കും പ്രതിമാസം 300 രൂപ പ്രകാരം 12 മാസത്തേയ്ക്കുള്ള തുക ജില്ലാ കളക്ടർമാരെ ഏൽപ്പിച്ചുകഴിഞ്ഞതാണ്. അനുവദിച്ച തുക കൊടുക്കാനും ഈ വർഷത്തേയ്ക്കുള്ള ലിസ്റ്റ് തയ്യാറാക്കുമ്പോൾ വിട്ടുപോയ ജില്ലകളെ ഉൾപ്പെടുത്തിയാൽ പ്രധാനമന്ത്രിയുടെ ഫണ്ടിൽ നിന്നും കുറച്ചുകൂടി തുക അനുവദിക്കാമെന്നും കേന്ദ്രത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. ഈ ഫണ്ട് ലഭിക്കണമെങ്കിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ കേന്ദ്രത്തിന് കൊടുക്കണം. ഗൈഡ്ലൈൻ അനുസരിച്ച് അപേക്ഷ ക്ഷണിച്ച് അർഹതപ്പെട്ടവർക്ക് കൊടുക്കുന്നതിനും കൂടുതൽ ഫണ്ട് കേന്ദ്രത്തിൽനിന്നും ലഭ്യമാക്കുന്നതിനും പരിശ്രമിക്കുന്നതാണ്.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): രണ്ട് മാസത്തിനുള്ളിൽ അനോമലി പരിഹരിക്കാനുള്ള നടപടി എടുക്കുന്നതാണ്. ടി.ആർ.പി., ടി.ഇ.എ.പി. എന്നിവയ്ക്ക് 1441 കോടി രൂപ എന്നുള്ളത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇപ്പോൾ പ്ലാനിംഗ് കമ്മീഷൻ അനുവദിച്ചിട്ടുള്ളത് 68 കോടി രൂപയാണ്. എല്ലാ വകുപ്പുതലങ്ങളിലുമുള്ള വർക്കുകൾ നിശ്ചയിക്കുകയും എസ്.എൽ.ഇ.സി. അംഗീകരിക്കുന്നതിന് പ്ലാനിംഗ് കമ്മീഷന് അയച്ചുകൊടുക്കുന്നതിനെത്തുടർന്ന് ആയിരത്തോളംകോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരമായി. ഇനി അതനുസരിച്ചുള്ള ടി.എസ്.ഉം ടെണ്ടർ നടപടികളുമാണ് ആവശ്യം. കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ അനുവദിച്ചിട്ടുള്ള തുക വകമാറ്റാതെ വിനിയോഗിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഫിനാൻസ്, റവന്യൂ, കോ-ഓപ്പറേഷൻ തുടങ്ങിയ വിവിധ വകുപ്പുകളെ ബന്ധപ്പെടു

ത്തിക്കൊണ്ടു നടക്കുന്ന ആർ.ആർ. നടപടികൾമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ടി ല്ലാത്ത വിധത്തിൽ എന്തുചെയ്യാൻ കഴിയുമെന്നുള്ളത് പരിശോധിച്ച് ആവശ്യ മായ തീരുമാനമെടുക്കുന്നതിന് മുൻകൈ എടുക്കുന്നതാണ്. കേരള മത്സ്യ ത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബില്ലിന്റെ പരിഗണനയ്ക്കുള്ള സെലക്ട് കമ്മിറ്റിയുടെ 20 അംഗങ്ങളടങ്ങിയ ലിസ്റ്റ് സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബില്ലിന്റെ പരിഗണനയ്ക്കുള്ള സെലക്ട് കമ്മിറ്റി അംഗങ്ങളുടെ ലിസ്റ്റ് അംഗീകരിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള ബില്ലുകളുടെ പരിഗണനയും അനന്തരഘട്ടങ്ങളും

### (എ) 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ പട്ടിക ജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പ്രമേയത്തെ പിന്താ ങ്ങുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): ഭരണഘടനാപരമായ പരിരക്ഷയും ആനുകൂല്യങ്ങളും അവകാശങ്ങളും പട്ടികജാതി -പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനാണ് 1994-ൽ ദേശീയ പട്ടികജാതി -പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിച്ചത്. ഈ കമ്മീഷൻ കേരളം സന്ദർശിച്ചപ്പോൾ ദേശീയ കമ്മീഷന്റെ മാതൃകയിൽ കേരളത്തിലും ഒരു കമ്മീഷൻ രൂപീകരിക്കണമെന്ന നിർദ്ദേശമുണ്ടായതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമനിർമ്മാണം. 7 തവണ പ്രൊമുൽഗേറ്റ് ചെയ്ത ഓർഡിനൻസാണ് ബില്ലായി ഇപ്പോൾ അവതരിപ്പിക്കുന്നത്. ലോകത്തെവിടേയും അനാചാരങ്ങളും ദുരാചാരങ്ങളും അവസാനിപ്പിച്ചുകൊണ്ടുള്ള നവോത്ഥാന മുന്നേറ്റങ്ങളാണ് നടക്കുന്നത്. ആദിവാസികൾ സ്വായത്തമാക്കുന്ന അറിവും സംസ്ക്കാരവുമാണ് മനുഷ്യകുലത്തിന്റെ നാഗരികതയുടെ നാന്ദി. നമ്മുടെ പൂർവ്വികർ മൃഗങ്ങളേക്കാൾ മോശമായിട്ടാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരോട് പെരുമാറിയിരുന്നത്. പകലന്തിയോളം പണിയെടുത്തിരുന്ന ഇവർക്ക് മനുഷ്യനെന്ന പരിഗണനപോലും നൽകിയിരുന്നില്ല. താഴ്ന്ന ജാതിക്കാർക്ക് പൊതുവഴികളിൽ സഞ്ചാര സ്വാതന്ത്ര്യമോ പഠിക്കാനുള്ള സ്വാതന്ത്ര്യമോ ഇല്ലായിരുന്നു. താഴ്ന്ന വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ മാറുമറയ്ക്കാൻ പാടില്ലായിരുന്നു. ഇതിനെതിരെ 1859-ൽ ചാന്നാർ ലഹളയുണ്ടായി. അയ്യൻകാളി, ശ്രീനാരായണഗുരു, കുമാരനാശാൻ, ചട്ടമ്പി സ്വാമികൾ, ഡോ. പൽപ്പു, കേളപ്പൻ, എ.കെ.ജി., കൃഷ്ണപിള്ള, ഇ.എം.എസ്. തുടങ്ങിയ മഹാന്മാർ ഇതിനെതിരെ ശബ്ദമുയർത്തിയത് കേരളീയ നവോത്ഥാന മുന്നേറ്റത്തിന് നാന്ദി കുറിച്ചു. വൈക്കം സത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും ചരിത്ര സംഭവങ്ങളാണ്. 1891-ലെ ഡോ. പൽപ്പുവിന്റെ നേതൃത്വത്തിലുള്ള മലയാളി മെമ്മോറിയൽ കേരള

ത്തിലെ പ്രഥമ ജനാധിപത്യ പ്രക്രിയയ്ക്ക് തുടക്കം കുറിച്ചു. എന്നാൽ നവോത്ഥാന മുല്യ നവീകരണമോ പുനർ നിർമ്മിതിയോ കാലാനുസൃതമായ പുരോഗതിയോ പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിന് വേണ്ടത്ര ലഭിച്ചില്ല. അതുകൊണ്ടുതന്നെ ഇപ്പോഴും സമൂഹത്തിലെ ഏറ്റവും പിന്നിൽ നിൽക്കുന്ന ഒരു ജനവിഭാഗമായി അവർ മാറിയിരിക്കുന്നു. ഇ.എം.എസ്. മന്ത്രിസഭയുടെ കാലത്ത് തുടങ്ങിവച്ച ഭൂപരിഷ്ക്കരണ നടപടിയിലൂടെയും ആദിവാസി കൾക്ക് പ്രയോജനം ലഭിച്ചില്ല. നിയമങ്ങളുടെ അപക്വമായ വ്യാഖ്യാനങ്ങ ളുടെ ഫലമായി സംവരണാനുകൂല്യങ്ങളും അവർക്ക് നഷ്ടപ്പെട്ടുകൊണ്ടിരി ക്കുകയാണ്. ആദിവാസികൾ ഇന്നും സമൂഹത്തിൽ വിവേചനം നേരിടുന്നു ണ്ടെങ്കിലും കേരളത്തിൽ അയിത്തം, തൊട്ടുകൂടായ്മ എന്നിവ അവസാനിപ്പി ക്കാൻ കഴിഞ്ഞു. കേരളത്തിൽ 36 പട്ടികവർഗ്ഗ വിഭാഗക്കാരുള്ളതിൽ 5 എണ്ണം പ്രാക്തന ഗോത്രവിഭാഗക്കാരാണ്. 2001-ലെ സെൻസസ് അനുസ രിച്ച് സംസ്ഥാനത്ത് 364189 പട്ടികവർഗ്ഗക്കാരാണുള്ളത്. ഇതിൽ 25000 കുടുംബ ങ്ങൾക്ക് വീടും 20000 കുടുംബങ്ങൾക്ക് ഭൂമിയുമില്ല. 3123941 പട്ടികജാതി ക്കാരുള്ളതിൽ 53364 കുടുംബങ്ങൾ ഭവന രഹിതരും 51076 കുടുംബങ്ങൾ ഭൂരഹിതരുമാണ്. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതിയും കുടിവെള്ളവും എത്തിക്കാൻ കഴിഞ്ഞിട്ടില്ല.. അധികാരത്തിന്റെയും സാങ്കേതിക വിദ്യയുടേയും രംഗങ്ങളിൽ അധ:സ്ഥിതർ കടന്നുവരുമ്പോൾ മാത്രമാണ് സമൂഹത്തിൽ നീതി ഉറപ്പാകുന്നത്. കേരളത്തിൽ ഇപ്പോൾ പട്ടികജാതി -പട്ടികവർഗ്ഗക്കാർക്ക് സൗജന്യമായി ഉപരിപഠനം നടത്തുന്നതി നുള്ള സംവിധാനമുണ്ട്. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടവർക്ക് അവസര സമത്വവും സാമൂഹ്യ നീതിയും ഭരണപങ്കാളിത്തവും ഉറപ്പുവരുത്തുന്നതി നാണ് സംവരണം ഏർപ്പെടുത്തിയത്. അത് അർഹതപ്പെട്ടവർക്ക് ലഭിക്കു

ന്നുണ്ടോ എന്നുള്ളത് കാലാകാലങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്താൻ ഫലപ്രദമായ സംവിധാനമില്ല. സർക്കാർ സർവ്വീസിൽ പട്ടികജാതി -പട്ടിക വർഗ്ഗക്കാരുടെ പ്രാതിനിധ്യക്കുറവ് തുടരുകയാണ്. 31.12.2006-ലെ കണക്കുപ്രകാരം 16 വകുപ്പുകളിലായി പട്ടികവർഗ്ഗക്കാരുടെ 592-ഉം പട്ടികജാതിക്കാരുടെ 199-ഉം തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന 36 പൊതുമേഖലാ സ്ഥാപനങ്ങളിലായി പട്ടികവർഗ്ഗക്കാരുടെ 497-ഉം പട്ടികജാതിക്കാരുടെ 109-ഉം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ഇത് നികത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അഭ്യസ്തവിദ്യരുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് തൊഴിലില്ലായ്മയും വർദ്ധിക്കുന്നു. പൊതുമേഖല ശുഷ്ക്കിച്ച് സ്വകാര്യ മേഖല വർദ്ധിക്കുമ്പോൾ പട്ടികജാതി -പട്ടികവർഗ്ഗക്കാരുടെ അവസരങ്ങളും പരിമിതപ്പെടുകയാണ്. സ്വകാര്യമേഖലയിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെടുന്നില്ല. പട്ടികജാതി-പട്ടികവർഗ്ഗക്കാരോടുള്ള അക്രമം തടയാൻ 1989-ൽ നിയമം കൊണ്ടുവന്നെങ്കിലും യഥാർത്ഥ പ്രതികൾ ശിക്ഷിക്കപ്പെടുന്നുണ്ടോയെന്നുള്ളത് പരിശോധിക്കാൻ പ്രത്യേക സംവിധാനങ്ങളില്ല. അതിക്രമങ്ങൾ തടയുന്നതിനുള്ള ഫണ്ട് പലപ്പോഴും പൂർണ്ണമായി ചെലവഴിക്കപ്പെടുന്നില്ല. പട്ടികജാതികൾക്കും പട്ടിക ഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ രൂപീകരിക്കുന്നതോടുകൂടി അവരുടെ വ്യക്തിപരമായ പരാതികളുൾപ്പെടെ ഉന്നയിക്കാനും പരിശോധിക്കാനും കഴിയും. അവരുടെ സാമൂഹ്യ സാമ്പത്തിക പുരോഗതിയും വിദ്യാഭ്യാസ സാംസ്ക്കാരിക പുരോഗതിയും അടിസ്ഥാന സൗകര്യങ്ങളും സംവരണ വ്യവസ്ഥകളും പരിശോധിക്കണം. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി കൊണ്ടുവന്നിട്ടുള്ള ഈ ബിൽ

പ്രധാനമായും അവർക്ക് ആനുകൂല്യങ്ങളും നീതിയും ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ്..

ശ്രീ. എം. മുരളി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പട്ടികജാതി -പട്ടിക വർഗ്ഗക്കാർക്കുവേണ്ടി ദേശീയ കമ്മീഷൻ രൂപീകരിക്കാനുള്ള നിയമ നിർമ്മാണം നടത്തിയത് കേന്ദ്രം ഭരിച്ചിരുന്ന കോൺഗ്രസ് ഗവൺമെന്റാണ്. സംസ്ഥാനത്തെ 37 ലക്ഷത്തോളം വരുന്ന പട്ടികജാതി- പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണത്തക്ക നിലയിൽ ഈ കമ്മീഷനെ ശാക്തീ കരിക്കണം. ഈ കമ്മീഷനിലെ അംഗങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ ത്തിൽപ്പെട്ട ഒരാൾപോലും ഇല്ലെന്നുള്ളത് ഏറ്റവും വലിയ പോരായ്മയാണ്. കമ്മീഷന്റെ അംഗസംഖ്യ വർദ്ധിപ്പിച്ചായാലും വേണ്ടില്ല പകുതിയിലധികം അംഗങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരായിരിക്കണം. ഒരംഗം പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട വനിതയായിരിക്കണം. റൂൾസ് ഉണ്ടാക്കുന്നതിനുള്ള അധികാരം കമ്മിഷന് നൽകിക്കൊണ്ട് മൂലനിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്യണം. എസ്.സി./എസ്.ടി, ഗോത്രവിഭാഗങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിനുള്ള അധികാരവും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകൾ വിനിയോഗിക്കുന്നത് പരിശോധിക്കാനുള്ള അധികാരവും കമ്മിഷനു നൽകണം. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ചെലവാക്കുന്ന പണം സംബന്ധിച്ച വിനിയോഗവും പരിശോധനയ്ക്ക് വിധേയമാക്കണം. അതിനുള്ള അധികാരം കമ്മിഷനു നൽകണം. എസ്.സി./എസ്.ടി. വിഭാഗക്കാർക്കെതിരെയുള്ള പീഡനങ്ങൾ സംബന്ധിച്ച പരാതികളിൽ ഇടപെടാനുള്ള അധികാരവും കമ്മിഷനു നൽകണം. ഹരിജന പീഢന നിരോധന നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് യഥാർത്ഥ കുറ്റവാളികൾ

രക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണ്. അത്തരം കേസ്സുകൾ അന്വേഷിക്കുന്നതിന് നേതൃത്വം നൽകുന്നതിനുള്ള അധികാരം കമ്മിഷനു നൽകണം.

ശ്രീ. പി.സി. വിഷ്ണുനാഥ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേന്ദ്ര നിയമത്തിന്റെ ചുവടു പിടിച്ചാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. കേന്ദ്ര നിയമത്തിന്റെ അതേ പകർപ്പാണ് ഈ നിയമത്തിലും ഉള്ളത്. ഓർഡിനൻസ് ഏഴ് പ്രാവശ്യം പുറപ്പെടുവിച്ചു എന്നു പറയുന്നു. ഓർഡിനൻസിന്റെ കാലാവധിക്കുള്ളിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടില്ല. ഓർഡിനൻസ് വഴി നിയമം പ്രാബല്യത്തിൽ വന്നുവെങ്കിലും ഈ കമ്മിഷന്റെ ചെയർ പേഴ്സണേയും അംഗങ്ങളേയും കണ്ടെത്താൻ പോലും കഴിഞ്ഞിട്ടില്ല. കേന്ദ്ര നിയമത്തിന്റെ ചുവടു പിടിച്ച് നമ്മുടെ സാഹചര്യങ്ങളിൽ വേണ്ട മാറ്റങ്ങൾ വരുത്തി വേണമായിരുന്നു സംസ്ഥാനത്ത് ഒരു നിയമനിർമ്മാണം നടത്തേണ്ടിയിരുന്നത്. എസ്.സി/എസ്.ടി. ഗോത്രവിഭാഗങ്ങളുടെ പുരോഗമനത്തിനുവേണ്ടി നീക്കി വയ്ക്കുന്ന പണം തദ്ദേശഭരണ സ്ഥാപനങ്ങൾ അതിലേയ്ക്കുവേണ്ടി തന്നെയാണോ ചെലവഴിക്കുന്നതെന്ന് പരിശോധിക്കാനുള്ള അധികാരം കമ്മിഷനു നൽകണം.

ശ്രീ. എം. ഉമ്മർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇന്ന് എസ്.സി./ എസ്.ടി., ഗോത്രവിഭാഗങ്ങളുടെ സ്ഥിതി ദയനീയമാണ്. കോടിക്കണക്കിന് രൂപ ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി നീക്കിവയ്ക്കുന്നുണ്ടെങ്കിലും അവ അർഹതപ്പെട്ടവരുടെ കരങ്ങളിലെത്തുന്നില്ല. സാങ്കേതിക കാരണങ്ങളാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തുക ചെലവഴിക്കാൻ കഴിയാതെ വരുന്ന സന്ദർഭങ്ങളിൽ ഇടപെടാനും വേണ്ട നിർദ്ദേശങ്ങൾ നൽകാനുമുള്ള അധികാരം കമ്മിഷനു നൽകണം. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക്

അനുവദിക്കുന്ന ഫണ്ട് ഫലപ്രദമായി ഉപയോഗിക്കണം. വനവിഭവങ്ങൾ സംരക്ഷിക്കപ്പെടാനും പട്ടികവർഗ്ഗക്കാർ ചൂഷണം ചെയ്യപ്പെടാത്തവിധത്തിൽ വനവിഭവങ്ങൾക്ക് ശരിയായ വില ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താനും സംവിധാനമുണ്ടാക്കണം. പട്ടികവർഗ്ഗ മേഖലകളിൽ പ്രവർത്തിക്കുന്ന ബദൽ സ്കൂളുകളുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. ഇവിടങ്ങളിൽ പഠിക്കുന്ന 5 മുതൽ 15 വയസ്സുവരെ പ്രായമുള്ള വിദ്യാർത്ഥികൾക്കുള്ള ആഹാരത്തിന്റെ അളവ് പ്രായത്തിനനു സരിച്ച് ക്രമീകരിക്കുകയും പോഷകാഹാരക്കുറവ് പരിഹരിക്കുകയും വേണം. 100-ൽ അധികം കുട്ടികൾ പഠിക്കുന്ന ഇത്തരം സ്ക്കൂളുകളെ റെസി ഡൻഷ്യൽ സ്കൂളുകളാക്കണം. ബദൽ സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് വയോജന വിദ്യാഭ്യാസം നൽകുന്ന തിനുള്ള നടപടികൾ സ്വീകരിക്കണം. പ്രിമിറ്റീവ് ട്രൈബ്സിന്റെ ആരോഗ്യ പരിപാലനത്തിന് ആവശ്യമായ ശ്രദ്ധ പതിപ്പിക്കണം. വനമേഖലയിൽ നടക്കുന്ന വ്യാജവാറ്റ് നിറുത്തലാക്കാനും മദ്യപാനത്തിനെതിരെ വ്യക്തമായ നിർദ്ദേശങ്ങളും നടപടികളുമടങ്ങുന്ന ബോധവൽക്കരണം നടത്താനും കഴിയണം. അനെർട്ടിനെ പ്രയോജനപ്പെടുത്തിക്കൊണ്ട് സൗരോർജ്ജ പദ്ധതി കൾ ആവിഷ്ക്കരിച്ച് അത് കൃത്യമായി നടപ്പിലാക്കുന്നുണ്ടോയെന്ന് റിവ്യൂ ചെയ്യണം. ട്രൈബൽ പ്രൊമോട്ടർമാരുടെ പ്രവർത്തനത്തെ വിലയിരുത്തണം. കമ്മിറ്റഡ് ആയിട്ടുള്ള ആളുകളെ ഈ രംഗത്ത് നിയമിക്കണം. ഇവർക്ക് പരി രക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി Atrocities against the Scheduled Castes and Scheduled Tribes Act ഫലപ്രദമായി നടപ്പാക്കുന്നതിന് നിയമത്തിൽ വ്യ ക്തമായ വകുപ്പ് ചേർക്കണം. കമ്മീഷന്റെ ചുമതലകളെക്കുറിച്ചും പ്രവർത്ത

നങ്ങളെക്കുറിച്ചും വ്യക്തമായ നിർദ്ദേശങ്ങളും കാഴ്ചപ്പാടും ഉണ്ടാകണം. പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളുടെ മെഡിക്കൽ വിദ്യാഭ്യാസ പഠനത്തിന് മതിയായ പ്രോൽസാഹനം നൽകണം. ഇതെല്ലാം ഉൾപ്പെടുത്തി നിയമത്തിൽ സമൂലമായ മാറ്റം വരുത്തണം.

ശ്രീ. റോഷി അഗസ്റ്റിൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായുള്ള ഈ നിയമം ഫലപ്രദമായി നടപ്പിലാക്കണം. ഈ വിഭാഗത്തിൽപ്പെടുന്നവരുടെ പുരോഗതിക്കു വേണ്ടിയുള്ള ഒരു കമ്മീഷനും ഇവർ അനുഭവിക്കുന്ന ദുരിതങ്ങൾക്കും ദ്രോഹങ്ങൾക്കും അറുതിവരുത്തുന്നതിനുവേണ്ടിയുള്ള വ്യവസ്ഥകളുമാണ് ബില്ലിൽ ഉൾപ്പെടുത്തേണ്ടത്. ഈ ബില്ലിലെ ഒമ്പതാം വകുപ്പുപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും ഭരണഘടനാപരമായ അധികാരം നൽകിയിട്ടില്ല. കേരളത്തിൽ ഒരു നിയമനിർമ്മാണം നടത്തുമ്പോൾ സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥിതിക്കനുസരിച്ച് ചിന്തിക്കാനുള്ള അവസരമുണ്ടാകണം. പിന്നോക്ക വിഭാഗക്കാരുടെ ആവശ്യങ്ങളിൽ ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കണം. കമ്മീഷൻ ശുപാർശ ചെയ്യുന്ന കാര്യങ്ങൾ മനസ്സിലാക്കി മാറ്റേണ്ടവയെല്ലാം പരിഹരിച്ചുകൊണ്ട് ഈ ബിൽ നിയമമാക്കണം. ഭൂമിക്ക് പരിരക്ഷ ഉറപ്പുവരുത്തുന്നതിന് കമ്മീഷന് വ്യക്തമായ ഉത്തരവാദിത്വം നൽകണം. സംസ്ഥാന ഗവൺമെന്റ് നൽകുന്ന അർഹമായ ആനുകൂല്യങ്ങൾ വിനിയോഗിച്ച് ഈ മേഖലയെ ഉയർച്ചയിലെത്തിക്കണം. ആരോഗ്യ-വിദ്യാഭ്യാസ-സാമ്പത്തിക മേഖലകളിലെ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ടു വേണം ഈ ബിൽ നിയമമാക്കേണ്ടത്. വ്യക്തിഗതാനുകൂല്യത്തിൽപ്പെടുന്ന വീടുകൾ ഫണ്ട് ലാപ്സാക്കാതെ യഥാസമയം പൂർത്തിയാക്കാൻ മോണിറ്ററിംഗ് സിസ്റ്റം ഏർപ്പെടുത്തണം. ഉദ്യോഗസ്ഥരിൽ കൃത്യതയുണ്ടാകണം.

ഇടുക്കിയിൽ വിതരണം ചെയ്ത കിറ്റ് സംബന്ധിച്ച ഫണ്ട് വകമാറ്റി ചെലവഴിച്ചോ എന്നുള്ള കാര്യം അന്വേഷിക്കണം. ഹോസ്റ്റൽ താമസ സൗകര്യം വർദ്ധിപ്പിക്കണം. വിദ്യാഭ്യാസ-ആരോഗ്യ പുരോഗതിക്ക് തടസ്സമായ കാര്യങ്ങളെക്കുറിച്ച് കൂടുതൽ ചർച്ച ചെയ്യാനുള്ള അവസരമുണ്ടാകണം. കേന്ദ്ര ഗവൺമെന്റുമായും മെഡിക്കൽ കൗൺസിലുമായും ആലോചിച്ച് ഈ വിഭാഗത്തെ ഉയർത്തിക്കൊണ്ടുവരാൻ സ്പെഷ്യൽ കോച്ചിംഗ് ക്ലാസ്സും ട്രെയിനിംഗ് സൗകര്യവും ലഭ്യമാക്കണം. കമ്മീഷന്റെ അധികാരങ്ങളിൽ മാറ്റം വരുത്തണം. നിയമത്തിൽ ഈ വിഭാഗത്തിന് ആവശ്യമായ പരിരക്ഷ ലഭ്യമാക്കാനും അവരെ കൂടുതൽ ശ്രദ്ധിക്കാനുമുള്ള അവകാശവും ഇൻഡിവിഡ്വലായി പരാതികൾ കേൾക്കാനുള്ള അവസരവും കമ്മീഷന് നൽകണം. പഴുതുകൾ അടച്ച് കുറ്റമറ്റ നിയമനിർമ്മാണം നടത്തണം. കമ്മിഷന് ഭരണഘടനാപരമായ ആധികാരികത നൽകണം.

<u>പ്രൊഫ. എൻ. ജയരാജ്</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. എസ്.സി./എസ്.ടി.യുടെ ക്ഷേമവും പുരോഗതിയും ലക്ഷ്യമാക്കി രൂപീകരിക്കുന്ന സംസ്ഥാന കമ്മിഷൻ എത്രത്തോളം പൂർണ്ണമാകുമെന്ന കാര്യം സംശയമാണ്. കേരളത്തിലെ സാമൂഹ്യ രംഗത്ത് ഉണ്ടായിട്ടുള്ള മാറ്റങ്ങളുടെ ഫലമായി ഈ വിഭാഗങ്ങൾക്ക് നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിയമനിർമ്മാണങ്ങളുണ്ടായിട്ടും കേരളം വളരെയേറെ മുന്നോട്ടുപോയിട്ടും കേരളത്തിലെ എസ്.സി./എസ്.ടി. യുടെയും മറ്റുള്ളവരുടെയും അവസ്ഥ വളരെ ദയനീയമായി തുടരുകയാണ്. തങ്ങളുടേതല്ലാത്ത കുറ്റംകൊണ്ട് സമൂഹത്തിന്റെ പുറംതട്ടി

ലേയ്ക്ക് തരംതാഴ്ത്തപ്പെടുകയാണ്. സംസ്ഥാനത്ത് ഒട്ടേറെ വികസനപ്രവർത്തനങ്ങളും നിയമനിർമ്മാണങ്ങളുമൊക്കെ നടത്തിയെങ്കിലും കേരളത്തിലെ ആദിവാസി സമൂഹത്തിന്റെ കൈവശമിരുന്ന ഭൂമിയിൽനിന്ന് ഇറക്കിവിട്ടവരെ പരിപൂർണ്ണമായും പുനരധിവസിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ആദിവാസികളുടെ ഭൂമി വീണ്ടെടുക്കാനുള്ള നിയമനിർമ്മാണം നടത്തിയെങ്കിലും ഇന്നും അത് പരിപൂർണ്ണമായും വിജയിച്ചിട്ടില്ല. ഏറ്റവും കൂടുതൽ ഇടത്തട്ടുകാരുടെ ചൂഷണങ്ങൾക്ക് വിധേയമായ ഒരു വിഭാഗമാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ കേന്ദ്ര ഗ്രാമീണ വികസന മന്ത്രാലയത്തിന്റെ കണക്കുപ്രകാരം ഏതാണ്ട് 917590 ഏക്കർ ആദിവാസി ഭൂമിയാണ് അന്യാധീനപ്പെട്ടത്. വികസന പദ്ധതികളുടെ പേരിൽ കുടിയൊഴിപ്പിക്കൽ കൂടുതൽ നേരിടേണ്ടിവന്നതും ഈ ജനവിഭാഗങ്ങൾ തന്നെയാണ്. സ്വാതന്ത്ര്യത്തിനുശേഷം രാജ്യത്ത് ഏതാണ്ട് 85.39 ലക്ഷം ആദിവാസികൾ കുടിയൊഴിപ്പിക്കപ്പെട്ടു. മൊത്തം കുടിയൊഴിപ്പിക്കപ്പെട്ടവർ ഏതാണ് 55.16 ശതമാനമാണ്. അതിൽ 64.23 ശതമാനം ആളുകളെ മാത്രമേ പുനരധിവസിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ആദിവാസികളുടെ ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യവികസനം ഉൾപ്പടെയുള്ള കാര്യങ്ങളിൽ കാര്യമായി ഒന്നും ചെയ്തിട്ടില്ല. വിദ്യാഭ്യാസ സാമൂഹ്യ രംഗങ്ങളിൽ കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കുറച്ച് നേട്ടങ്ങൾ ഉണ്ടായിയെങ്കിലും വ്യാവസായിക-സാമ്പത്തിക രംഗങ്ങളിൽ ഇവർ പിന്തള്ളപ്പെട്ടു. പുതിയ കാലഘട്ടത്തിനനുസരിച്ച് ഈ വക കാര്യങ്ങളിൽ മാറ്റമുണ്ടാകേണ്ടതായിട്ടുണ്ട്. വിഭവങ്ങൾ കൈകാര്യം

ചെയ്യുന്ന കാര്യത്തിൽ പട്ടികവിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മുന്നോട്ടു കടന്നുവരാൻ കഴിഞ്ഞിട്ടില്ല. ഉദ്യോഗസ്ഥ മേഖലയിൽ സംവരണം കൊടുത്തതുകൊണ്ടോ എസ്.സി.പി. അനുസരിച്ചുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയതുകൊണ്ടോ മാത്രം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ മുഴുവൻ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ കഴിയുകയില്ല. പൊതുസമ്പത്ത് തുല്യമായി പങ്കിടുന്നതിന് കഴിയണം. അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാൻ കഴിയുന്ന തരത്തിലുള്ള സജീവമായ ചർച്ച ഉണ്ടാകണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി ധാരാളം പദ്ധതികളും ഫണ്ടും ഉണ്ടെങ്കിലും യഥാർത്ഥ ഗുണഭോക്താക്കൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ല. ഒരു കൂട്ടായ ശ്രമം ഈ കാര്യത്തിൽ ഉണ്ടാകണം. ഇതിനെ സംബന്ധിച്ച് പല പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും പോരായ്മകൾ ഇപ്പോഴും അവശേഷിക്കുകയാണ്. ഈ ബിൽ അനുസരിച്ച് രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന കമ്മീഷൻ ഒരു ശുപാർശ കമ്മീഷന്റെ അവസ്ഥയിലേയ്ക്ക് മാറിയിരിക്കുകയാണ്. ഈ ബില്ലിൽ കാതലായ മാറ്റങ്ങൾ ഉണ്ടാകണം. ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്കുവേണ്ടി ഒട്ടനവധി ക്ഷേമപദ്ധതികൾ സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റുമൊക്കെ കൊണ്ടുവന്നിട്ടുണ്ടെങ്കിലും അതിന്റെ പ്രയോജനം പലപ്പോഴും അവർക്ക് ലഭിക്കാതെ പോയതിന് പല കാരണങ്ങളാണ്. പദ്ധതികൾ ആവിഷ്ക്കരിക്കാതിരിക്കുക, ആവിഷ്ക്കരിച്ച പദ്ധതികൾ സമയത്ത് പൂർത്തീകരിക്കാതിരിക്കുക, ഇടനിലക്കാരുടെ ചൂഷണം ഇവയൊക്കെക്കൊണ്ട് പലപ്പോഴും ഫണ്ടുകൾ ലാപ്സാകുകയാണ്. ത്രിതല പഞ്ചായത്തുകൾക്ക്

കൊടുക്കുന്ന ഫണ്ടിൽ 10 ശതമാനം തുക പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്നു ണ്ടെങ്കിലും മാർച്ച് 31-നകം ചെലവഴിക്കാത്തതുകൊണ്ട് അടുത്ത വർഷം ഈ തുക സ്പിൽ ഓവറായിട്ട് മാറ്റുകയാണ്. വ്യക്തിഗതമായ ആനുകൂല്യങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുമ്പോൾ മാർച്ച് 31 അവസാനിക്കുന്ന കാലയളവ് മാറ്റിക്കൊണ്ട് കാലാനുസൃതമായ മാറ്റം ഈ കാര്യത്തിൽ ഉണ്ടാകണം. ടൈം ലിമിറ്റ് ഇക്കാര്യത്തിൽ പ്രാധാനപ്പെട്ട ഘടകമാണ്. കേരളത്തിലെ ദളിതരുടെ ജീവിതാവസ്ഥ തുലനം ചെയ്യേണ്ടത് അവരുടെ സാമൂഹ്യ, സാമ്പത്തിക അവസ്ഥകൾകൂടി കണക്കിലെടുത്തുകൊണ്ടായിരിക്കണം. ഭൂമിയുടെ ഉടമസ്ഥാവകാശം, അതിന്റെ വിനിയോഗം തുടങ്ങിയ സൂചികകൾ പരിശോധിച്ച് ഈ വിഭാഗങ്ങളുടെ സാമൂഹ്യ, സാമ്പത്തിക അസംതുലിതാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. പഴയകാല സൂചികകളെ മാറ്റിക്കൊണ്ട് പുതിയ സൂചികകളുടെയടിസ്ഥാനത്തിൽ ഈ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമപ്രവർത്തനങ്ങൾ എത്രമാത്രം മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞു എന്നുള്ളത് പരിശോധിക്കണം. സ്റ്റാറ്റിസ്റ്റിക്സ് പലപ്പോഴും ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലായിരിക്കും. ദളിതരുടെ സാമൂഹ്യ ജീവിതത്തിൽ മാറ്റം വരുത്തുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക അന്തരത്തിൽ മാറ്റം വരുത്താൻ കഴിഞ്ഞിട്ടില്ല. കേരളത്തിലെ ദളിതരെ സംബന്ധിച്ചിടത്തോളം അവർ വിഭവരഹിതരും അധികാര രഹിതരുമാണെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കി പുതിയ ഒരു കാഴ്ചപ്പാട് ഈ മേഖലയിൽ ഉണ്ടാകേണ്ടത് ആവശ്യമാണ്. ഇത്തരത്തിലുള്ള ഒരു

കാഴ്ചപ്പാടോടുകൂടി കമ്മീഷനെ രൂപപ്പെടുത്തിയെടുക്കണം. സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുള്ള ഏറ്റവും നല്ല ശ്രമം എന്ന നിലയിൽ വളരെ പോസിറ്റീവായി ഈ നിയനിർമ്മാണത്തെ കാണണം. ഈ നിയമനിർമ്മാണം ഈ വിഭാഗത്തിൽപ്പെട്ട ആളുകളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കും അവരുടെ അവകാശസംരക്ഷണത്തിനുംവേണ്ടിയുള്ള ഒരു മാഗ്നാകാർട്ടയായി മാറുവാൻ ഇടയാകണം.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നാഷണൽ കമ്മീഷന്റെ മാതൃകയിൽ രൂപീകരിച്ചിട്ടുള്ള സംസ്ഥാന കമ്മീഷനിൽ ഈ മേഖലയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൂടുതൽ ഫലപ്രദമായി മുന്നോട്ടുപോകുന്നതിനും ആവശ്യമായ നടപടികൾ ഉണ്ടാകണം. പട്ടികജാതി/പട്ടികഗോത്രവർഗ്ഗക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിക്കാനും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും പുരോഗതി വിലയിരുത്താനും റിപ്പോർട്ട് സമർപ്പിക്കാനും മാത്രമായുള്ള ഒരു കമ്മീഷനായിട്ട് ഇത് മാറരുത്. ഫണ്ടിന്റെ കാര്യത്തിലും പദ്ധതി പ്രവർത്തനങ്ങളുടെ കാര്യത്തിലുമുള്ള വൈകല്യങ്ങളെ സംബന്ധിച്ച് കഴിഞ്ഞകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് കമ്മീഷന് കഴിയണം. ഈ വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ ഗുണഭോക്താക്കളുടെ കൈകളിൽ എത്തുന്നില്ല എന്നുള്ള ആക്ഷേപം വളരെ ഗൗരവത്തിൽ എടുക്കണം. ഈ വക കാര്യങ്ങളെക്കുറിച്ച് പരിശോധിക്കാനും

നടപടിയെടുക്കാനുമുള്ള അധികാരാവകാശങ്ങൾ ഈ കമ്മീഷന് കൊടുക്കണം. അത്തരത്തിലുള്ള ഒരു നിർദ്ദേശം ഈ നിയമത്തിൽ ഇല്ല. ഒരു ശുപാർശ കമ്മീഷനായിട്ട് ഇത് മാററുത്. ഈ കമ്മീഷന് പ്രയോജനപ്രദമായി പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണം. ത്രിതല പഞ്ചായത്തുകളിലെ ഫണ്ടിന്റെ വിനിയോഗം പരിശോധിക്കാനുള്ള അധികാരം ഈ കമ്മിഷന് നൽകണം. അധികാരവികേന്ദ്രീകരണം നടന്നപ്പോൾ ഏതാണ്ട് 70 ശതമാനത്തോളം അധികാരവും അതിനനുസൃതമായിട്ടുള്ള ഫണ്ടും പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട ത്രിതല പഞ്ചായത്തിലേയ്ക്ക് കൈമാറിയിട്ടുണ്ട്. അതിന്റെ വിനിയോഗത്തെ സംബന്ധിച്ച് പരിശോധിക്കാനാവശ്യമായ ചുമതല ഈ കമ്മീഷന് നൽകാൻ നടപടിയുണ്ടാകണം. ഇവിടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ലഭ്യമായ ഭൂമിപോലും കൈമാറ്റം നടത്തുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. ഇത്തരം കാര്യങ്ങൾ പരിശോധിക്കാനും നടപടിയെടുക്കാനും കഴിയുന്ന അധികാരാവകാശങ്ങൾ ഈ കമ്മീഷനുണ്ടാകണം. അതോടൊപ്പം ഈ കമ്മീഷനുകളും അതിന്റെ ഉത്തരവാദിത്വത്തിനനുസരിച്ച് ഉയർന്നുപ്രവർത്തിക്കാൻ തയ്യാറാകേണ്ടതാണ്. ഈ കമ്മീഷന്റെ രൂപീകരണം കുറ്റമറ്റതാക്കി മുന്നോട്ടുകൊണ്ടുപോകാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം.

<u>ശ്രീ. വി. ശശികുമാർ</u>: പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബില്ലിൽ ചില ഭേദഗതികൾ നിർദ്ദേശിക്കുകയാണ്. ക്ലോസ് 3-ൽ പ്രത്യേക പരിജ്ഞാനമുള്ള രണ്ട് വ്യക്തികളെക്കുറിച്ച് പറയുന്നുണ്ട്, ആ സ്ഥാനങ്ങൾ എസ്.സി/എസ്.ടി. വിഭാഗക്കാർക്കുവേണ്ടി സംവരണം ചെയ്യണം. ഭരണഘടനാപരമായി

നിരവധി അധികാരങ്ങൾ കൈകാര്യം ചെയ്യേണ്ട കമ്മീഷന്റെ ചെയർമാനായി ഒരു ജഡ്ജി തന്നെ വരണം. ക്ലാസ് 4-ൽ സേവന വ്യവസ്ഥയിൽ സർക്കാരിന്റെ അഭിപ്രായത്തിൽ സാൻമാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട് തടവുശിക്ഷക്ക് വിധിക്കപ്പെടുകയോ എന്നുള്ളത് 'ശിക്ഷിക്കപ്പെട്ട' എന്നാക്കി മാറ്റണം. ഈ കമ്മീഷന് യാതൊരു അധികാരവും ഇല്ല എന്നുപറയുന്നത് തീർത്തും അടിസ്ഥാനരഹിതമാണ്. കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ബൈൻഡിംഗ് ആക്കാൻ ആവശ്യമായ ഭേദഗതികൾ ഉണ്ടാകണം. 2001-ലെ നയപ്രഖ്യാപന പ്രസംഗത്തിലാണ് ഇത്തരം ഒരു സംസ്ഥാന പിന്നോക്ക കമ്മീഷൻ സംസ്ഥാനതലത്തിൽ രൂപീകരിക്കണമെന്ന പ്രഖ്യാപനം നിയമസഭയിൽ വരുന്നത്. ഓർഡിനൻസ് കൊണ്ടുവന്ന് അത് നിയമമാക്കാനുള്ള ആത്മാർത്ഥത യു.ഡി.എഫ്. കാണിച്ചില്ല. ജാതിക്കെതിരായ സമരത്തെ ജൻമിവിരുദ്ധ സമരമാക്കി മാറ്റിയെടുത്തതാണ് കേരളത്തിൽ കമ്മ്യൂണിസ്റ്റുകാരുടെ സംഭാവന. ഇൻഡ്യയിൽ സാമൂഹ്യ നീതിക്കായി അധ:സ്ഥിതർ നടത്തുന്ന പോരാട്ട ങ്ങളിൽ അവരുടെ ക്ഷേമം ഉറപ്പുവരുത്താൻ ഈ നിയമം ഒരു വഴികാട്ടി യാകും.

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (<u>ശ്രീ. എ.കെ. ബാലൻ)</u>: 2004-ൽ പതിനൊന്നാം കേരള നിയമസഭയിൽ 240-ാം നമ്പർ ബില്ലായിട്ടാണ് ഇത് അവതരിപ്പിച്ചത്. യു.ഡി.എഫ്-ന്റെ കാലത്താണ് ഇത് ഓർഡിനൻസായി വീണ്ടും കൊണ്ടുവന്നത്. ആ ഓർഡിനൻസിലെ ഒറ്റ വാക്കോ അക്ഷരമോ മാറ്റാതെയാണ് ഇപ്പോൾ ബില്ലായി അവതരിപ്പിക്കുന്നത്. ഈ ഓർഡിനൻസിന് രൂപം കൊടുത്ത യു.ഡി.എഫ്. വേണ്ടത്ര ജാഗ്രത

കാട്ടിയിരുന്നുവെങ്കിൽ കുറേ കാര്യങ്ങൾ പരിഹരിക്കാൻ കഴിയുമായിരുന്നു. ഇവിടെ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ വന്ന നിർദ്ദേശം കമ്മീഷൻ ചെയർമാനും അംഗങ്ങളും പട്ടികജാതിയിലോ പട്ടികവർഗ്ഗ വിഭാഗത്തിലോ ഉള്ളവർ ആയിരിക്കണമെന്നും അതിൽ ഒരു വനിതാ മെമ്പർ ഉണ്ടായിരിക്കണ മെന്നുമാണ്. പൊതുവിൽ ഈ നിലപാട് സ്വീകാര്യമാണ്. കമ്മീഷന്റെ ഘടന 2004-ൽ അന്നത്തെ സർക്കാർ കൊണ്ടുവന്ന ബില്ലിന്റെ ഭാഗ മായുള്ളതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ള അംഗങ്ങളും ചെയർപേഴ്സണും അടങ്ങുന്ന കമ്മീഷൻ ഇത് ശരിയായ നിലയിൽ കൈകാര്യം ചെയ്ത്, കമ്മീഷൻ പ്രവർത്തനങ്ങളെ വിലയിരുത്തിയശേഷം ഭാവിയിൽ ആവശ്യകത യുണ്ടാകുമെങ്കിൽ ആ പരിതസ്ഥിതിയിൽ ഈ കാര്യങ്ങളെക്കുറിച്ച് ആലോചി ക്കാം. ചെയർമാന്റെ സ്ഥാനത്ത് ഈ വിഭാഗത്തിൽപ്പെടുന്ന ഒരാളെത്തന്നെ വേണമെന്ന അഭിപ്രായമാണ് ഗവൺമെന്റിനുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നീക്കിവയ്ക്കുന്ന പദ്ധതി വിഹിതത്തിന്റെ പ്രയോജനം ഈ വിഭാഗത്തിന് നൽകണമെന്നുള്ളത് നല്ല നിർദ്ദേശമാണ്. സാമൂഹിക സാമ്പ ത്തിക വികസനത്തിനുള്ള ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കുക എന്നു ളളത് വളരെ പ്രധാനപ്പെട്ടതാണ്. പക്ഷെ അത് അത്ര എളുപ്പമല്ല. വികസന പുരോഗതി വിലയിരുത്തുക, റിവ്യൂ ചെയ്യുക എന്നതുകൂടി ബില്ലിന്റെ ഭാഗ മായി വരുന്നുണ്ട്. ഈ വിഭാഗക്കാർക്ക് നൽകുന്ന ഭൂമി മറ്റുള്ളവർ തട്ടിയെടു ക്കുന്നത് അവസാനിപ്പിക്കാൻ കമ്മീഷന് വ്യക്തമായ ഉത്തരവാദിത്വം നൽക ണമെന്ന നിർദ്ദേശം ഈ ബില്ലിലെ 9 (ഇ) വകുപ്പുകളിലുള്ള ചുമതലകൾ ശരിയായ രീതിയിൽ വിനിയോഗിക്കുന്നതുവഴി പരിഹരിക്കാൻ കഴിയും. ഭൂമി അന്യാധീനപ്പെടുന്നതുമായി ബന്ധപ്പെടുന്ന പരാതികളും വ്യക്തിപരമായ

പരാതികളും ഇതുവഴി പരിശോധിക്കാം എന്നുള്ളതുകൊണ്ട് ഉത്തരവാദിത്വം കമ്മീഷന് തന്നെ നിർവ്വഹിക്കാവുന്നതാണ്. പട്ടികവിഭാഗങ്ങളെ ദേഹോപദ്രവം ചെയ്യുക, പീഡിപ്പിക്കുക, തടവുകാരാക്കുക എന്നിവ ഉണ്ടായാൽ അത് പരിശോധിക്കാനുള്ള അവകാശം കമ്മീഷനു നൽകണമെന്നതാണ് ഇവിടെ ഉന്നയിച്ച മറ്റൊരു ആവശ്യം. ബില്ലിലെ 9(എ) പ്രകാരം ഇതെല്ലാം പരിശോധിക്കാനുള്ള അധികാരം കമ്മീഷനുണ്ട്. കമ്മീഷൻ ശുപാർശകൾ സ്വീകരിക്കാതെ വന്നാൽ അതിനു കാരണം ബോധിപ്പിക്കണമെന്നും ഒന്നിലധികം പ്രാവശ്യം ശുപാർശ ചെയ്താൽ അത് സ്വീകരിക്കുകയും 3 മാസത്തിനുള്ളിൽ അതിന്മേൽ തീരുമാനം എടുത്ത് കമ്മിഷനെ അറിയിക്കണമെന്നുമാണ് ഡിസന്റിംഗ് നോട്ടിലെ മറ്റൊരു നിർദ്ദേശം. 10-ാം വകുപ്പു പ്രകാരം സർക്കാർ എടുത്ത നടപടികളും നടപടികൾ എടുത്തില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കി നിയമസഭയിൽ റിപ്പോർട്ട് സമർപ്പിക്കാനും സർക്കാരിന് ബാദ്ധ്യതയുണ്ട്. സംവരണം സംബന്ധിച്ച നിലവിലുള്ള നിയമങ്ങൾ പാലിക്കാൻ സർക്കാർ ബാദ്ധ്യതപ്പെട്ടിരിക്കുന്നു. നിയമനം പി.എസ്.സി. ക്ക് വിടുന്ന കാര്യത്തിൽ സ്പെഷ്യൽ റൂൾസ് വന്നതിനുശേഷമേ നിയമാനുസൃതമായ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. ഈ നിയമം 100% ഫുൾ പ്രൂഫ് അല്ല. ഭരിക്കുന്ന ഗവൺമെന്റിന്റെ ഇച്ഛാശക്തിയാണ് ഒരു കമ്മീഷനെ ചലിപ്പിക്കുന്നത്. ഒരു കമ്മീഷനെ സംബന്ധിച്ചിടത്തോളം പരിമിതി ഉണ്ട്. സെൻട്രൽ ആക്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ തന്നെയാണ് ഈ ആക്ടിലും. കഴിഞ്ഞ കുറേക്കാലമായി പട്ടികജാതി/പട്ടികവർഗ്ഗത്തിന്റെ ബഡ്ജറ്റ് വിഹിതം, ഈ വിഭാഗക്കാരുടെ ക്ഷേമത്തിനായി സെൻട്രൽ അസിസ്റ്റൻസായി തരുന്ന തുക ഇതെല്ലാം ഇവിടെ ചെലവഴിക്കാത്ത സ്ഥിതി ഉണ്ടായിരുന്നു. ഈ

വർഷത്തോടുകൂടി ഈ തുക ചെലവാക്കാൻ കഴിയും. പട്ടികജാതി/പട്ടികവർഗ്ഗത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് കിട്ടുന്ന തുക ചെലവാക്കാത്ത സ്ഥിതി വന്നുകൂടാ. ഇപ്പോൾ ഇതിലേയ്ക്ക് ചെലവഴിക്കുന്ന തുകയിൽ മിനിമം 10% വർദ്ധനവ് വന്നിട്ടുണ്ട്. തുക ലാപ്സാകുന്ന പ്രശ്നം പരിഹരിക്കുന്നതിനായി ഈ ഡിപ്പാർട്ട്മെന്റ് തന്നെ റിവ്യൂ നടത്തുന്നുണ്ട്. കുറെ മാറ്റങ്ങൾ വരുത്താനും പോരായ്മകൾ പരിഹരിക്കാനും ഉള്ള ശക്തമായ നടപടി സ്വീകരിക്കും. എസ്.സി./എസ്.ടി. പ്രൊമോട്ടേഴ്സിന്റെ ഓണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ട്. ആദിവാസികൾക്ക് മെഡിസിന് അഡ്മിഷൻ ഉറപ്പാക്കാനായി എൻട്രൻസിന്റെ റാങ്ക് ബേസിക്കായിട്ട് എടുക്കാതെ ക്വാളിഫൈയിംഗ് എക്സാമിനേഷനിൽ കിട്ടുന്ന മാർക്ക് അനുസരിച്ച് അഡ്മിഷൻ നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അത് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ Scheduled Tribes and Traditional Dwellers Act -ന്റെ റൂൾസ് ഫ്രെയിം ചെയ്തു. അത് കേരളത്തിൽ ഫലപ്രദമായി നടപ്പിലാക്കി ഭൂ പ്രശ്നം പരിഹരിക്കാൻ പറ്റും. ഇതിന് ഫോറസ്റ്റ് വകുപ്പും റവന്യൂ വകുപ്പും പോസിറ്റീവായിട്ടുള്ള സമീപനമാണ് സ്വീകരിച്ചത്. അതിന്റെ ഫലമായി റൂൾസ് ഫ്രെയിം ചെയ്ത് ആറളം ഫാമിലെ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യാൻ പോവുകയാണ്. മിശ്രവിവാഹിതരുടെ പ്രശ്നം പരിഹരിക്കുന്നതിന് ഓർഡിനൻസ് കൊണ്ടുവന്ന് കേന്ദ്രഗവൺമെന്റിലേയ്ക്ക് അയച്ചിട്ടുണ്ട്. ഈ കമ്മീഷനെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞാൽ വൻപിച്ച മാറ്റം കേരളത്തിൽ ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

<u>ശ്രീ. സി.ടി. അഹമ്മദ് അലി:</u> 113-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: 123-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: 120, 127 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി.പി. കുഞ്ഞുണ്ണി:</u> 121-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. വി.ഡി. സതീശൻ:</u> 129-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. മുരളി</u>: 131-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. ജി. കാർത്തികേയൻ</u>: 132-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരം 3 (2) (എ) " സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പട്ടികജാതി പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന പട്ടികജാതികളും പട്ടികഗോത്രവർഗ്ഗങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ള ഒരു ചെയർപേഴ്സൺ" എന്നാക്കണം. വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. സി.ടി അഹമ്മദ് അലി അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി 21-നെതിരെ 40 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 136-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: 137-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: 138-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 146-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

ശ്രീ. സി.ടി. അഹമ്മദ് അലി: 151-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 157-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്

ശ്രീ. വി.ഡി. സതീശൻ: 159-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി നിരാകരിക്കപ്പെട്ടു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 7-ാം വകുപ്പ്

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 8-ാം വകുപ്പ്

ശ്രീ. കെ.സി. ജോസഫ്: 160-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: 161-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: 164-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 9-ാം വകുപ്പ്

ശ്രീ. കെ.സി. വേണുഗോപാൽ: 165-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻമാസ്റ്റർ: 166, 174 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 167-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: 168-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 170-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

പ്രൊഫ. സി. രവീന്ദ്രനാഥ്: 173-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ്.എം. പുതുശ്ശേരി: 175, 176 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 10-ാം വകുപ്പ്

ശ്രീ. കെ.സി. ജോസഫ്: 177-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി നിരാകരിക്കപ്പെട്ടു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 178-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12-ാം വകുപ്പ്

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 13-ാം വകുപ്പ്

ശ്രീ. റോഷി അഗസ്റ്റിൻ: 185, 186 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14-ാം വകുപ്പ്

ശ്രീ. റോഷി അഗസ്റ്റിൻ: 187-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി നിരാകരിക്കപ്പെട്ടു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 15 മുതൽ 18 വരെയുള്ള വകുപ്പുകൾ

15 മുതൽ 18 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15 മുതൽ 18 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയു പേരും

ശ്രീ. എം. മുരളി: 109, 110, 111 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: 112-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി.ഡി. സതീശൻ: നിയമസഭ ഏകകണ്ഠമായാണ് ഈ നിയമം പാസ്സാക്കുന്നത്. ദേശീയ പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷന്റെ

തുടർച്ചയായിട്ടാണ് സംസ്ഥാനത്ത് ഇങ്ങനെ ഒരു കമ്മീഷൻ ഉണ്ടാക്കുന്നത്. ഈ നിയമം പ്രായോഗികമായി നടപ്പിലാക്കുമ്പോൾ ഉണ്ടാകാനിടയുള്ള സംശയങ്ങൾ ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: പട്ടികജാതി/പട്ടികഗോത്രവർഗ്ഗ ക്കാർക്കുള്ള സംസ്ഥാന കമ്മീഷൻ സംബന്ധിച്ച നിയമനിർമ്മാണം നടത്തുന്ന ധന്യമുഹൂർത്തമാണിത്. ഈ നിയമം നടപ്പിലാക്കുന്നതോടെ പല ക്ഷേമ പദ്ധതികളും നിലവിൽ വരുമെന്ന് പ്രത്യാശിക്കുന്നു. കമ്മീഷൻ നിലവിൽ വരുന്നതോടെ ഈ ജനവിഭാഗത്തിന്റെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കാനും ഇവരെ ദേശീയ ധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടു വരാനും കഴിയും. റൂൾസ് നിർമ്മിക്കുമ്പോൾ ഇവരുടെ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് ശ്രദ്ധിക്കണം.

2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

**(ബി) 2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ**

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദ ഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ):1967-ൽ ആരംഭിച്ച റീസർവ്വേ ഇപ്പോൾ 711 വില്ലേജുകളിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. പൂർത്തീകരിച്ച വില്ലേജുകളിൽത്തന്നെ ആയിരക്കണക്കിന് പരാതികളാണ് റീസർവ്വേയുമായി ബന്ധപ്പെട്ട് വരുന്നത്. 40 വർഷം കഴിഞ്ഞിട്ടും 50% വില്ലേജുകളിലെ റീസർവ്വേപോലും പൂർത്തിയാകാത്ത സാഹചര്യത്തിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സർവ്വേ നടപടികൾ കുറ്റമറ്റതാക്കാനുംവേണ്ടി സംസ്ഥാനത്തുടനീളം കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സമയബന്ധിതമായി മുഴുവൻ സ്ഥലങ്ങളിലും റീസർവ്വേ നടത്താനും കാലപ്പഴക്കംചെന്ന റിക്കോർഡുകൾ പരിശോധിച്ച് ഓരോ തുണ്ട് ഭൂമിക്കും സ്കെച്ചും കൈവശരേഖയും തയ്യാറാക്കാനുമുള്ള ബൃഹത്തായ പദ്ധതിക്കാണ് സംസ്ഥാന ഗവൺമെന്റ് രൂപം കൊടുത്തിട്ടുള്ളത്. ഇതിന്റെ സാധ്യതാ പഠനത്തിനായി തിരുവനന്തപുരം ജില്ലയിലെ തൈക്കാട് വില്ലേജിനെ ഒരു പൈലറ്റ് പ്രോജക്ടായെടുത്ത് അവിടത്തെ 13351 ഭൂ ഉടമസ്ഥരുടെ വിവരങ്ങളും ഭൂമിയുടെ സ്കെച്ചുകളുമടങ്ങിയ കരട് സെപ്റ്റംബബർ 30 -ന് പ്രസിദ്ധീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞാൽ കേരളത്തിലെ 14 ജില്ലകളിൽ ഓരോ ജില്ലയിലും ഈരണ്ട് വില്ലേജുകളിലായി സംസ്ഥാനത്ത് മൊത്തം ഈ പൈലറ്റ് പ്രോജക്ടുമായി മുന്നോട്ടുപോകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഭൂമിയുടെ പ്രമാണം രജിസ്റ്റർ ചെയ്യുന്നതോടൊപ്പം കമ്പ്യൂട്ടർ സഹായത്താൽ പോക്കുവരവ് നടത്തി അതിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും കാലതാമസവും ഒഴിവാക്കും. കേന്ദ്ര സർക്കാർ നിർദ്ദേശം അനുസരിച്ച് നാഷണൽ ലാൻഡ് റിസോഴ്സസ് മാനേജുമെന്റ് പ്രോഗ്രാം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. 60

വർഷം കഴിഞ്ഞാലും പൂർത്തിയാക്കാൻ കഴിയാത്ത സ്ഥിതിയിലുള്ള റീസർവ്വേ നടപടികൾ മൂന്നുവർഷംകൊണ്ട് പൂർത്തിയാക്കാനാണ് പ്രസ്തുത പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. സർവ്വേ പൂർത്തിയായിക്കഴിഞ്ഞാൽ സർക്കാരിന്റെ അന്യാധീനപ്പെട്ട ഭൂമി മുഴുവൻ തിരിച്ചുപിടിക്കാൻ കഴിയുന്നതാണ്.

ശ്രീ. ടി.എൻ. പ്രതാപൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 1453 വില്ലേജുകളിൽ 730-ഓളം വില്ലേജുകളിലെ റീസർവ്വേ നടപടികൾ മാത്രമേ പൂർത്തിയായിട്ടുള്ളൂ. പൂർത്തിയായവയിൽ തന്നെ വ്യാപകമായ ആക്ഷേപങ്ങളും പരാതികളുമുണ്ട്. സർക്കാർ ഭൂമി ചില സ്വകാര്യ ലാൻഡ് മാഫിയയുടെ കൈകളിലകപ്പെട്ടുകൊണ്ടിരിക്കുകയാണ്. പലരുടേയും താല്പര്യത്തിനു വേണ്ടിയുണ്ടാക്കുന്ന സർവ്വേ സ്കെച്ചുകളാണ് വില്ലേജ് ഓഫീസുകളിലുള്ളത്. പൂർണ്ണമായി സർവ്വേ നടത്തിയാൽ ആയിരക്കണക്കിന് ഏക്കർ സർക്കാർ ഭൂമി സർക്കാരിന് തിരിച്ചുകിട്ടും. റീസർവ്വേ നടപടികൾ നടത്തി അനധികൃത കൈവശഭൂമി തിരിച്ചുപിടിക്കാൻ ജില്ലാകളക്ടർക്ക് കൂടുതൽ അധികാരം നൽകണം. സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്ന നടപടികൾ ദുർബലപ്പെടുത്തുന്ന ഭരണസംവിധാനമാണ് ഇന്നുള്ളത്. ഇച്ഛാശക്തിയുള്ള ഭരണകൂടം എടുക്കുന്ന തീരുമാനം സൂക്ഷ്മമായി നടപ്പിലാക്കേണ്ടവർ തന്നെ പൊതുമുതൽ തിരിച്ചുപിടിക്കുന്നതിൽ ഇടപെടുന്നത് പലപ്പോഴും സർവ്വേ നടത്തുന്നതിന് തടസ്സമാകുന്നുണ്ട്. നഷ്ടപ്പെട്ട സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിനും സർക്കാർ ഭൂമി നഷ്ടപ്പെടുത്തിയവരെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കുന്നതിനും ഗവൺമെന്റ് സന്നദ്ധമാകണം.

പ്രൊഫ. കെ.വി. തോമസ്: റീസർവ്വേയിലൂടെ അതിർത്തി നിശ്ചയിക്കുകയും ജില്ലാ കളക്ടർമാർക്ക് കൂടുതൽ അധികാരം നൽകുകയും ചെയ്യണം.

കഴിഞ്ഞ 40 വർഷമായി സർവ്വേ നടത്തിയിട്ട് 44% പ്രദേശത്തു മാത്രമേ സർവ്വേ അതിർത്തി നിശ്ചയിക്കാൻ കഴിഞ്ഞിട്ടുള്ളൂ. പോക്കുവരവു നടത്തു ന്നതിന് കമ്പ്യൂട്ടർ സംവിധാനം ഫലപ്രദമാക്കണം. സർക്കാർ ഭൂമി പിടിച്ചെടു ക്കുന്ന കാര്യത്തിൽ നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാക്കണം. ഭൂമിയുടെ കൈവശാവകാശ രേഖയും സ്കെച്ചും പൂർണ്ണതയുള്ളതാക്കണം. ഈ ഭേദഗതി നിയമത്തിലുള്ള അപാകതകൾ പരിഹരിച്ച് മൂന്നാറിലും മെർക്കിൻസ്റ്റൺ എസ്റ്റേറ്റിലുമുണ്ടായതുപോലുള്ള പാളിച്ചകൾ ഉണ്ടാകാതെ നോക്കണം.

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാര മുള്ള 2007-ലെ കേരള സർവ്വെ-അതിരടയാള (ഭേദഗതി) ബിൽ പൊതുജനാഭി പ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പി ക്കുന്നു. 1961-ലെ കേരള സർവ്വേ അതിരടയാള ബില്ലിന്റെ 13-ാം വകുപ്പി നാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. അതിർത്തി നിശ്ചയിച്ചതിനു ശേഷമുള്ള പരാതികൾ പരിശോധിക്കുന്നതിന് സിവിൽ കോടതികളെ മാത്രം ആശ്രയിക്കുന്ന സ്ഥിതിമൂലമുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്ന തിന് ജില്ലാകളക്ടർക്ക് കൂടുതൽ അധികാരം നൽകുന്നത് നന്നായിരിക്കും. ശാസ്ത്രീയ രൂപത്തിൽ ഭൂമിയുടെ അതിർത്തി തിട്ടപ്പെടുത്തുന്ന നടപടിക ളാണ് സർവ്വേ ഡിപ്പാർട്ടുമെന്റും റവന്യൂ ഡിപ്പാർട്ടുമെന്റും നിർവ്വഹിച്ചു കൊ ണ്ടിരിക്കുന്നത്. റീസർവ്വേ നടത്തി തിരിച്ചുപിടിക്കാൻ കഴിയുന്ന വൻതോതി ലുള്ള സർക്കാർ ഭൂമി ലാൻഡ് ബാങ്കുണ്ടാക്കി അതിൽ നിക്ഷേപിക്കുകയും പാവപ്പെട്ട ഭൂരഹിതർക്ക് അത് നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യണം. അതുപോലെ പരിധിയിൽ കവിഞ്ഞ് ഭൂമി കൈവശം വയ്ക്കു ന്നത് തിരിച്ചുപിടിക്കുന്നതിന് സംവിധാനമുണ്ടാകണം. പുറംപോക്കുകളിൽ

താമസിക്കുന്ന പാവപ്പെട്ടവർക്ക് പട്ടയം കൊടുക്കുന്നതിനും ആദിവാസി കൾക്ക് ഭൂമി നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. ഭൂമി യുടെ വില നിശ്ചയിക്കുന്നതിന് മാനദണ്ഡമുണ്ടാകണം. തമിഴ്നാടും കർണാ ടകയും കൈവശപ്പെടുത്തിയിട്ടുളള സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കണം.

(വൈകുന്നേരം 5.00 മണിക്ക് ടീ ബ്രേക്കിനായി നിർത്തിവച്ചു സഭ 5.45-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും ചേർന്നു.)

ശ്രീ. കെ.സി. വേണുഗോപാൽ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള സർവ്വേ- അതിരടയാള (ഭേദഗതി) ബിൽ വീണ്ടും അതേ സബജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ ഭൂമി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ചർച്ച നടക്കുന്ന അവസരത്തിലാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. ഭൂമി കയ്യേറ്റത്തെ ഫലപ്രദമായി നേരിടാൻ സർക്കാരിന് കഴിയാത്ത സാഹചര്യമാണുളളത്. ഏരിയൽ സർവ്വേ പൂർണ്ണമായും എഫക്ടീവായിരുന്നോ എന്ന് പരിശോധിക്കണം. ഭൂമി കയ്യേറ്റത്തിന് റവന്യൂ ഉദ്യോഗസ്ഥർ കൂട്ടു നിൽക്കുന്നു. ഈ നിയമപ്രകാരം ജില്ലാ കളക്ടറിലേയ്ക്ക് കൂടുതൽ അധികാരം വന്നുചേരുകയാണ്. നിയമങ്ങൾ ഉണ്ടാക്കിയാൽ മാത്രം പോരാ. ഉദ്യോഗസ്ഥരിൽ അധികാരം പൂർണ്ണമായും കേന്ദ്രീകരിക്കുമ്പോൾ അതു ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ . എന്ന് പരിശോധിക്കാനുള്ള സംവിധാനം കൂടി ഉണ്ടായില്ലെങ്കിൽ ഈ നിയമത്തിന്റെ സാധുത നഷ്ടപ്പെടും. പൊൻമുടി അടക്കമുള്ള ഭൂമി കുംഭകോണത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണം. കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> ഈ നിയമം വഴി എല്ലാ അധികാരങ്ങളും ജില്ലാ കളക്ടർക്കു നൽകുകയല്ല ചെയ്യുന്നത്.. സർവ്വേ നടത്തുന്നതിലൂടെ സർക്കാരിന് കിട്ടാനുള്ള ധാരാളം ഭൂമി കിട്ടുന്നുണ്ട്. ഏരിയൽ സർവ്വേയ്ക്കു പുറമെ ടോട്ടൽ സ്റ്റേഷൻകൂടി കൊണ്ടു വന്നിട്ടുണ്ട്. എഴുന്നൂറോളം തസ്തികകൾ റവന്യൂ വകുപ്പിൽ അബോളിഷ് ചെയ്തതുമൂലം കാര്യക്ഷമമായി സർവ്വേ നടപടികൾ പൂർത്തിയാക്കാൻ വകുപ്പിനു കഴിയുന്നില്ല. സർവ്വേ ഡയറക്ടറുടെയും ഡെപ്യൂട്ടി കളക്ടറുടെയും നേതൃത്വത്തിൽ നല്ല വിഷനോടുകൂടി ചില പ്രവർത്തനങ്ങൾ തുടങ്ങി വച്ചിട്ടുണ്ട്. അതിനു കേന്ദ്ര ഗവൺമെന്റ് സഹായം നൽകാമെന്നറിയിച്ചിട്ടുണ്ട്. പൊന്മുടിയിലെ ഭൂമിയുടെ കാര്യത്തെക്കുറിച്ച് ലഭിച്ച പെറ്റീഷൻ അർജന്റായി പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യണമെന്ന് കാണിച്ച് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിക്കാണ് കൊടുത്തിട്ടുള്ളത്. . അതു സംബന്ധിച്ച് ഗൗരവമായ അന്വേഷണം നടക്കുകയാണ്. ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിൽ ആരെങ്കിലും എന്തെങ്കിലും വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അക്കാര്യം റവന്യൂ സെക്രട്ടറി രണ്ട് ദിവസത്തിനുള്ളിൽ വിശദമായി അന്വേഷിച്ചു റിപ്പോർട്ട് നൽകുന്നതാണ്. ടാസ്ക്ക് ഫോഴ്സിന്റെ പ്രവർത്തന ഫലമായി കുറെ ഭൂമിയുടെ ഏറ്റെടുക്കൽ നടന്നിട്ടുണ്ട്. വളരെ കുറ്റമറ്റ രീതിയിൽ പൊതുജനങ്ങളേയും രാഷ്ട്രീയപാർട്ടികളേയും ജനപ്രതിനിധികളേയും പഞ്ചായത്ത് ഭരണസമിതിക ളേയും വിശ്വാസത്തിലെടുത്തുകൊണ്ട്, അവരുടെ പിന്തുണയോടുകൂടി സർക്കാരിന്റെ പൊതുമുതൽ നഷ്ടപ്പെട്ടത് എത്രയാണെങ്കിലും അതു തിരിച്ചുപിടിക്കേണ്ടത് വലിയൊരു ദൗത്യം തന്നെയാണ്. സർവ്വേ നടപടികൾ

ത്വരിതപ്പെടുത്തുന്നതിൽ പോരായ്മകളുണ്ടെങ്കിൽ പരിഹരിക്കപ്പെടുകയാണ് സർക്കാരിന്റെ ലക്ഷ്യം..

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ക്ലാസ്സ് (2)-ന്റെ പ്രൊവൈസോയിൽ aerial survey കഴിഞ്ഞിട്ട് " or other suitable modern methods" എന്നു കൂടി ചേർക്കണം എന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 107-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 111-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 112-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): വാക്കാൽ ഭേദഗതി അംഗീകരിക്കണം. മറ്റ് ഭേദഗിതകൾ സ്വീകാര്യമല്ല.

വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

ശ്രീ. സി.ടി. അഹമ്മദ് അലി: 116-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

ശ്രീ. സി.ടി. അഹമ്മദ് അലി: 120-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

ശ്രീ.ജി. കാർത്തികേയൻ: 125-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 126, 128 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ്. എം. പുതുശ്ശേരി: 127-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു. .

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ഉം 7-ഉം വകുപ്പുകളും 1-ാം വകുപ്പും പീഠികയും പേരും

6-ഉം 7-ഉം വകുപ്പുകളും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ഉം 7-ഉം വകുപ്പുകളും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി..

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: 2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ സഭ അംഗീകരിച്ചിരിക്കുന്നു. സർക്കാർ ഭൂമികൾ, ഭൂമി മാഫിയകൾ കയ്യടക്കി വച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. കയ്യേറ്റങ്ങൾ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കണം. റീ-സർവ്വേ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കണം. രാഷ്ട്രീയം നോക്കാതെ ഭൂമി കയ്യേറ്റങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## (സി) <u>2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പരിഗണിക്കണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): പ്രമേയത്തെ പിന്താങ്ങുന്നു.

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഇൻഡ്യയ്ക്കുതന്നെ മാതൃകയായ കേരളത്തിന്റെ സമഗ്ര കായിക വികസനത്തിന്റെ ഭാഗമായുള്ള 2000-ത്തിലെ കേരള സ്പോർട്ട്സ് ആക്ട് ഒരു ഭേദഗതിയിലൂടെ നടപ്പിലാക്കുക എന്നുള്ളതാണ് ഈ ബില്ലിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. 3-12-2003-ൽ പ്രാബല്യത്തിൽ വന്ന പ്രസ്തുത ബിൽപ്രകാരം നാമനിർദ്ദേശത്തിലൂടെ രൂപീകരിക്കപ്പെട്ട കൗൺസിലിന്റെ കാലാവധി 2 വർഷമായിരുന്നു. 2-12-2005 ആയപ്പോഴേയ്ക്കും അതിന്റെ കാലാവധി തീർന്നു. രണ്ട് വർഷത്തിനുള്ളിൽ നിയമമനുസരിച്ച് തെരഞ്ഞെടുപ്പ് നടത്തണമായിരുന്നു. പക്ഷെ നോമിനേഷൻ വഴിയോ തെരഞ്ഞെടുപ്പു വഴിയോ കൗൺസിൽ രൂപീകരിക്കാൻ നടപടിയെടുത്തില്ല. ഇതിന് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നത്. ഇപ്പോൾ 14 ജില്ലകളിലും സ്പോർട്ട്സ് കൗൺസിലുകൾ നിലവിൽവന്നു. എങ്കിലും അടിസ്ഥാനപരമായി വരേണ്ട കോർപ്പറേഷൻ, മുനിസിപ്പൽ, പഞ്ചായത്ത് എന്നിവിടങ്ങളിൽ സ്പോർട്ട്സ് കൗൺസിലുകൾ

നിലവിൽ വന്നിട്ടില്ല. അതുകൂടി കൊണ്ടുവരാനുള്ള തയ്യാറെടുപ്പിലാണ്. സ്പോർട്ട്സിനെ കായിക രംഗത്ത് വികേന്ദ്രീകരിക്കുക എന്ന ലക്ഷ്യമാണ് ഈ നിയമത്തിലൂടെ ഉദ്ദേശിക്കുന്നത്. അതിനുള്ള എല്ലാ നടപടികളും പൂർത്തീക രിക്കാനുള്ള ശ്രമമാണ് നടത്തുന്നത്.

<u>ശ്രീ. കെ. സുധാകരൻ:</u> ബില്ലിന്മേലുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നു. കായിക രംഗത്ത് ജനാധിപത്യം ലക്ഷ്യം വച്ചുകൊണ്ട് ഈ രംഗത്തും വികേ ന്ദ്രീകരണം കൊണ്ടുവരുന്നത് നല്ല കാര്യമാണ്. പക്ഷെ സ്പോർട്ട്സിൽ അൽപ്പംപോലും രാഷ്ട്രീയം കലരരുത്. അത് സ്വതന്ത്രമായിരിക്കണം. എങ്കിൽ മാത്രമേ കായികരംഗം വളരുകയുള്ളൂ. കായിക ലോകം പ്രതീക്ഷ യോടെ ഉറ്റുനോക്കുന്ന നിയമം നടപ്പിലാക്കുമ്പോൾ അവർക്ക് നിരാശയ്ക്കിട വരരുത്. കായിക രംഗത്ത് ഭൗതിക സാഹചര്യമുണ്ടാക്കുന്നതിനെക്കുറിച്ച് ബില്ലിൽ പ്രതിപാദിച്ചിട്ടുണ്ട്. പക്ഷെ അതിനുള്ള ഫണ്ട് എങ്ങനെ ഉരുത്തിരി യുമെന്നതിനെക്കുറിച്ച് യാതൊന്നും പറഞ്ഞുകണ്ടില്ല. സ്പോർട്ട് കൗൺസിൽ നിലനിറുത്തണമെങ്കിൽ ആവശ്യമായ ഫണ്ട് ലഭ്യമാക്കാനുള്ള വഴികൾ തേടണം. ഇതിലേയ്ക്കുള്ള ഫണ്ട് സ്വരൂ പിക്കുന്നതിന് വിദേശ മദ്യത്തിന് 1 % സ്പോർട്ട്സ് സെസ്സ് ഏർപ്പെടുത്താവു ന്നതാണ്. സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിയ സ്പോർട്ട്സ് ലോട്ടറി തികച്ചും പരാജയമായിരുന്നു. സ്പോർട്ട്സ് സ്ക്കൂളുകളുടെ സ്ഥിതി വളരെ ദയനീയമാണ്. പോലീസ് വകുപ്പിൽ സ്പോർട്ട്സ് ക്വാട്ട തിരിച്ചുകൊണ്ടുവന്നതിനെ സ്വാഗതം ചെയ്യുന്നു. കേരളത്തിലെ എല്ലാ വകുപ്പുകളിലും സ്പോർട്ട്സ് ക്വാട്ടയിൽ കായികതാരങ്ങളെ കൊണ്ടുവരണം. കായികതാരങ്ങളെ കേരളത്തിൽത്തന്നെ പിടിച്ചുനിർത്തുന്നതിനുള്ള സാഹചര്യമുണ്ടായാൽ മാത്രമേ ഈ രംഗത്ത് മുന്നോട്ടുപോകാൻ കഴിയൂ.

സ്കൂളുകളിലെ സ്പോർട്ട്സ് വിദ്യാഭ്യാസ വകുപ്പിൽമാത്രം ഒതുക്കി നിർത്താതെ സ്പോർട്ട്സ് വകുപ്പിനുകൂടി കൺട്രോൾ നൽകണം. സ്പോർട്ട്സ് വകുപ്പിന്റെ കീഴിൽ സ്കൂൾ സ്പോർട്ട്സും ഗ്രാമീണ സ്പോർട്ട്സും സമന്വയിപ്പിക്കാൻ സാധിക്കുന്ന നിയമനിർമ്മാണം ആവശ്യമാണ്. അടിസ്ഥാനപരമായും ശാസ്ത്രീയമായും സ്ക്കൂൾ തലത്തിൽ നിന്നു തന്നെ സ്പോർട്ട്സിൽ താൽപ്പര്യമുള്ള കുട്ടികളെ കണ്ടെത്തി അവരുടെ കായിക പ്രതിഭ വളർത്തിയെടുക്കാൻ ഇന്നത്തെ നിയമം അപൂർണ്ണമാണ്. അതിനാൽ ഇവ രണ്ടും കമ്പയിൻ ചെയ്തുകൊണ്ടുള്ള നിയമനിർമ്മാണം അനിവാര്യമാണ്. സ്കൂളുകളിൽ ആവശ്യമായ കായികാദ്ധ്യാപകരെ നിയമിക്കണം. വിദ്യാഭ്യാസ-സ്പോർട്ട്സ് വകുപ്പുകൾ കൂടിയാലോചിച്ച് സ്പോർട്ട്സ് റിവൈവ് ചെയ്യാനും സ്കൂളുകളിൽനിന്നും കായികതാരങ്ങളെ കണ്ടെത്തി വളർത്തിയെടുക്കാനും സാധിക്കണം. വിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്ത് കുറ്റമറ്റ ഒരു നിയമമുണ്ടാക്കണം.

<u>ശ്രീ. സി. ടി. അഹമ്മദ് അലി</u>: വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. കക്ഷിരാഷ്ട്രീയത്തിനതീതമായി ഈ നിയമം നടപ്പിലാക്കണം. കായികപ്രതിഭകളെ കണ്ടെത്താനാവശ്യമായ നടപടി സ്വീകരിക്കുന്ന തോടൊപ്പം മികവ് തെളിയിക്കുന്നവർക്ക് കൂടുതൽ പരിശീലനവും നൽകണം. പല ഗ്രാമപ്രദേശങ്ങളിലും ഇന്ന് കളിസ്ഥലങ്ങളില്ല. സ്പോർട്ട്സിൽ അഭിരുചി വളർത്തിക്കൊണ്ടുവരാൻ പഞ്ചായത്തുതലത്തിലും വാർഡ്തലത്തിലും കളിസ്ഥലം നിർമ്മിക്കണം. സംസ്ഥാന തലത്തിൽ കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകി ദേശീയ-അന്തർദ്ദേശീയ തലത്തിലെത്തിക്കാനുള്ള യാതൊരു നടപടിയും സംസ്ഥാന സർക്കാരോ സ്പോർട്ടസ് കൗൺസിലോ സ്വീകരിക്കുന്നില്ല.

സംസ്ഥാനത്തെ കായികമേഖല ഇന്ന് അനിശ്ചിതാവസ്ഥയിലാണ്. കായികരംഗത്ത് മികവ് തെളിയിച്ചിട്ടുള്ള പ്രതിഭകൾക്ക് വേണ്ടത്ര പ്രോത്സാഹനം നൽകാൻ കഴിയുന്നില്ല. സ്കൂൾ തലത്തിൽ കായിക രംഗത്ത് മികവു കാണിക്കുന്ന താരങ്ങൾക്ക് തുടർപരിശീലനം നൽകാൻ കഴിയണം. ഏഷ്യയിൽവച്ച് ഏറ്റവും വലിയ കായികോത്സവം നടക്കുന്ന നാടാണ് കേരളം. കായികതാരങ്ങളെ ദേശീയതലത്തിലും അന്തർദേശീയ തലത്തിലും ഉയർത്തി മികവുറ്റ കളിക്കാരായി വാർത്തെടുക്കാനുള്ള യാതൊരു ശ്രമവും സ്വീകരിക്കുന്നില്ല. ഈ നിയമംകൊണ്ടുമാത്രം സ്പോർട്ട്സ് രംഗം കുറ്റമറ്റതാക്കാൻ കഴിയില്ല. സ്പോർട്ട്സ് രംഗത്തെ വികസനത്തിനായി ഒരു സമഗ്ര സമഗ്ര സ്പോർട്ട്സ് നിയമം നടപ്പാക്കണം. ജലാശയങ്ങൾ കൂടുതലുള്ള സംസ്ഥാനമാണ് കേരളം. ആളുകൾ വെള്ളത്തിൽ മുങ്ങിമരിക്കുന്നത് ഇപ്പോൾ സർവ്വസാധാരണ സംഭവമായി മാറിയിരിക്കുകയാണ്. അതിനു പരിഹാരമായി നീന്തൽ പരിശീലനം വ്യാപകമാക്കണം. കുട്ടികൾക്കു മാത്രമല്ല, മുതിർന്നവർക്കും നീന്തൽ പരിശീലനം നൽകാൻ ഉതകുന്ന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം. വോളീബാൾ കളിക്ക് വേണ്ടത്ര പ്രചാരണമോ പരിശീലനമോ നൽകാനുള്ള സംവിധാനം ഇന്ന് കേരളത്തിലില്ല. അതിനെക്കുറിച്ച് ആലോചിക്കണം. റിവാർഡുകൾ പ്രതീക്ഷിച്ച് ട്രാക്ക് സ്യൂട്ട് അണിയുന്ന പ്രതിഭകൾക്കുപകരം രാജ്യത്തിന്റെ യശസ്സ് ഉയർത്തിപ്പിടിക്കുന്ന കായിക പ്രതിഭകളെ സൃഷ്ടിക്കാൻ കഴിയണം. സ്പോർട്ട്സ് രംഗത്ത് കായിക താരങ്ങളെ പരിശീലിപ്പിക്കാനുള്ള ആധുനിക സൗകര്യങ്ങൾ ഇല്ല; അവ സംഘടിപ്പിക്കാനുള്ള ഫണ്ടും ഇല്ല. കായിക പരിശീലന കേന്ദ്രങ്ങൾ വ്യാപകമായി ആരംഭിക്കണം. പഞ്ചായത്ത് മുനിസിപ്പൽ തലങ്ങളിൽ

സ്പോർട്ട്സ് ക്ലബ്ബുകൾ രജിസ്റ്റർ ചെയ്യാൻ സംവിധാനം ഉണ്ടാക്കണം; ഗ്രാമീണ സ്പോർട്ട്സ് ശക്തിപ്പടുത്തണം. എല്ലാ കോളേജുകളിലും കായിക അദ്ധ്യാപകരെ നിയമിക്കണം.

ശ്രീ. ബാബുപോൾ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള സ്പോട്ട്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കായികരംഗം ജനാധിപത്യപരമാക്കാനുള്ള നിയമനിർമ്മാണമാണ് ഇവിടെ നടക്കുന്നത്. 2000-ത്തിൽ ഒരു സ്പോർട്ട്സ് നിയമം കൊണ്ടുവന്നുവെങ്കിലും അതിനനുസൃതമായി സ്റ്റേറ്റ് കൗൺസിൽ, ജില്ല കൗൺസിൽ എന്നിവ രൂപീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. സ്പോർട്ട്സിനെ രാഷ്ട്രീയവൽക്കരിക്കാൻ പാടില്ല. ഈ മേഖലയുടെ വികസനത്തിന് നിലവിലുള്ള ഭൗതികസൗകര്യങ്ങൾ മെച്ചപ്പടുത്തേണ്ടതാണ്. ഗ്രാമപ്രദേശങ്ങളിൽ സ്റ്റേഡിയങ്ങളും നീന്തൽ കുളങ്ങളും സ്ഥാപിക്കണം. ഈ നിയമത്തിലൂടെ ജനകീയ സമിതികൾ വരുന്നതോടെ സ്പോർട്ട്സ് രംഗം മെച്ചപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. സ്പോർട്ട്സ് രംഗത്ത് കായിക പ്രതിഭകൾക്ക് വേണ്ട പരിശീലനം നൽകാൻ സ്കൂൾ തലത്തിൽത്തന്നെ ശക്തമായ നീക്കം നടത്തേണ്ടതാണ്; സ്കൂൾ കുട്ടികൾക്ക് വേണ്ടത്ര പരിശീലനം നൽകേണ്ടത് അനിവാര്യമാണ്. ഓപ്പറേഷൻ ഒളിമ്പിയാ പോലുള്ള പദ്ധതികൾ ഇതിന് സഹായകരമാണ്. ദീർഘകാലാടിസ്ഥാനത്തിലുള്ള വികസനം മുന്നിൽകണ്ട് കായിക വികസനത്തിന് ഉതകുന്ന പദ്ധതികൾ താഴെത്തട്ടിൽനിന്നും ആരംഭിക്കേണ്ടതുണ്ട്. ഇതിലേയ്ക്കായി. പ്രഗത്ഭരായ പരിശീലകരെ കണ്ടെത്തണം. സ്പോർട്ട്സ് താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ സംവരണം

ഏർപ്പെടുത്തണം. കരാട്ടെ, ഗുസ്തി തുടങ്ങിയവ സ്പോർട്ട്സിന്റെ ഭാഗമായി അംഗീകരിക്കണം. കായിക അവാർഡുകൾ ഏർപ്പെടുത്തണം; സ്പോർട്ട്സ് ഇൻഷ്വറൻസ് പദ്ധതി പുനരാരംഭിക്കണം.

ശ്രീ. കെ. ബാബു: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ നിയമം നടപ്പിലാകുന്നതോടെ പഞ്ചായത്ത് തലത്തിൽ രാഷ്ട്രീയ ഇടപെടൽ ഉണ്ടാകാൻ ഇടയാകാതെ സൂക്ഷിക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൗൺസിലിലേയ്ക്കുള്ള ഇലക്ഷൻ പ്രോസസ്സ് ആരംഭിച്ചതാണ്. എന്നാൽ കോടതി ഇടപെടൽമൂലം അത് പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. നിലവിലുള്ള സ്പോർട്ട്സ് അസോസിയേഷനുകളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളിൽ സ്പോർട്ട്സ് കൗൺസിൽ ഇടപെടാൻ പാടില്ല. സംസ്ഥാനത്ത് കളിക്കളങ്ങൾ ഇല്ലാത്തതുതന്നെയാണ് പ്രധാന വിഷയം. സ്റ്റേഡിയം നിർമ്മിക്കാൻ 5 ഏക്കർ സ്ഥലം വാങ്ങുക എന്നത് പഞ്ചായത്തുകളിൽ പ്രയോഗികമല്ല. നിലവിലുള്ള സ്കൂൾ ഗ്രൗണ്ട്സ് കായികാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയണം. ഹോക്കിയിൽ സ്വർണ്ണം നേടിക്കൊണ്ടിരുന്ന ഇൻഡ്യ ഇപ്പോൾ പിന്നോക്കം പോയിരിക്കുകയാണ്. നിലവാരമുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ കഴിയണം. ക്രിക്കറ്റ് പരിശീലനത്തിന് കേരളത്തിൽ സൗകര്യമില്ല. മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയത്തിന്റെ പണി പൂർത്തിയാക്കണം. സ്കൂൾ/കോളേജ് അഡ്മിഷനുകളിൽ യഥാർത്ഥ സ്പോർട്ട്സ്മാൻമാർക്ക് അഡ്മിഷൻ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തണം. എം.ബി.ബി.എസ്സിന് ഇത്തവണ

സ്പോർട്ട്സ് ക്വാട്ടയിൽ ആർക്കും അഡ്മിഷൻ ലഭിക്കാത്തതിനെക്കുറിച്ച് പരിശോധിക്കണം. കായിക താരങ്ങളെ സംസ്ഥാനത്തുതന്നെ പിടിച്ചു നിറുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം. നിയമസഭാംഗങ്ങൾക്കായി ഒരു കായിക വിനോദമേള സംഘടിപ്പിക്കണം. സ്പോർട്ട്സ് ക്വാട്ടയിൽ നിയമനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ ലഭിക്കാത്ത സാഹചര്യമുണ്ട്. അടുത്ത ഒളിമ്പിക്സിൽ ഒരു സ്വർണ്ണമെഡൽ എന്ന സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടണം. സ്കൂളുകളിൽ കിട്ടുന്ന കായിക പരിശീലനം കോളേജുകളിൽ തുടരാൻ സാധിക്കുന്ന സാഹചര്യമുണ്ടാകണം. രഞ്ജിത് മഹേശ്വരിയെ സഹായിക്കാനുള്ള നടപടിയുണ്ടാകണം. സ്പോർട്ട്സ് സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളും പരിശീലന സൗകര്യങ്ങളും മെച്ചപ്പെടുത്തണം. എറണാകുളത്തെ സിന്തറ്റിക് ട്രാക്ക് സ്റ്റേഡിയത്തിന്റെ പോരായ്മകൾ പരിഹരിക്കണം. നെഹ്റു കപ്പിൽ വിജയിച്ച ടീമിലെ മൂന്നംഗങ്ങൾക്കും തുല്യ പരിഗണന നൽകണം. പ്രദീപിനും പ്രോൽസാഹനം കൊടുത്തതിനെ അഭിനന്ദിക്കുന്നു. നാഷണൽ ഗെയിംസിനു പോകുന്ന കായിക താരങ്ങൾക്ക് പ്രൈസ് മണി കുടിശ്ശികയില്ലാതെ കൊടുക്കാനുള്ള ഏർപ്പാടുണ്ടാകണം. കായിക സംസ്ക്കാരം വളർത്താനും ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കാനും ഈ നിയമം ഉപകരിക്കട്ടെയെന്ന് ആശംസിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കായിക രംഗത്തെക്കുറിച്ച് നല്ലൊരു ചർച്ചയ്ക്ക് തുടക്കം കുറിക്കാൻ സാധിച്ചു. 2000-ത്തിൽ കൊണ്ടുവന്ന സ്പോർട്ട്സ് നിയമത്തിന് മുൻകൈയെടുത്ത ആളാണ് ഞാൻ. 2005 ഡിസംബറിൽ കൊണ്ടുവന്ന ഓർഡിനൻസ് ആണ്

ഇപ്പോൾ ബിൽ ആയി അവതരിപ്പിച്ചിരിക്കുന്നത്. 2000-ത്തിൽ പണി ആരംഭിച്ച മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂഡ് സ്പോർട്ട്സ് കോംപ്ളക്സ്, പിരപ്പൻകോട്ടിലെ സ്വിമ്മിംഗ്പൂൾ എന്നിവയുടെ പണി ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷക്കാലം കായികരംഗത്ത് അരാജകത്വമായിരുന്നു. അതുകൊണ്ടാണ് ഈ രംഗത്ത് വിജിലൻസ് അന്വേഷണത്തിന് തീരുമാനിച്ചത്. സ്പോർട്ട്സ് കൗൺസിലുകളിലെ എല്ലാ നിയമനങ്ങളും പി.എസ്.സി.ക്കു വിടാൻ തീരുമാനിച്ചിട്ടുണ്ട്. ധനത്തിന്റെ കുറവ് പരിഹരിക്കാൻ ഗവൺമെന്റ് പലതും ആലോചിക്കുന്നുണ്ട്. അവയിൽ ഒന്ന് സ്പോർട്ട്സ് ലോട്ടറിയാണ്. കഴിഞ്ഞ സ്പോർട്ട്സ് ലോട്ടറിയിൽ ചെലവു കഴിച്ച് 15 കോടി രൂപ മിച്ചമുണ്ടാക്കാൻ കഴിഞ്ഞു. സ്പോർട്ട്സ് ലോട്ടറി തുടരുന്നതാണ്. കായിക താരങ്ങൾക്ക് പ്രോൽസാഹനം നൽകുന്ന കാര്യത്തിൽ യാതൊരു പക്ഷപാതവും കാണിക്കുകയില്ല. നെഹ്റു കപ്പിൽ ഗോൾ അടിച്ച പ്രദീപിന് അനുമോദനമായി 3 ലക്ഷം രൂപയും തൊടുപുഴയിൽ 10 സെന്റ് സ്ഥലവും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഫണ്ടിന്റെ കാര്യത്തിൽ മാർഗ്ഗങ്ങൾ കണ്ടെത്തണം. വികേന്ദ്രീകൃത വികസനത്തിൽ സ്പോർട്ട്സിന് ഒരു സ്ഥാനവുമില്ല. അതാണ് കേരളത്തിന്റെ അവസ്ഥ. അതിൽ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി പ്ലാൻ ഫണ്ടിൽ സ്പോർട്ട്സിന് അംഗീകാരം നൽകി ഗവൺമെന്റ് ഉത്തരവിറക്കിയിരിക്കുകയാണ്. സർവ്വീസ് സെക്ടറിൽ മുഴുവൻ തുകയും സ്പോർട്ട്സിനുവേണ്ടി മാറ്റിവയ്ക്കാമെന്നുള്ളത് വലിയ മാറ്റമാണ്. അതിനുവേണ്ടി ഒരു സ്കീം കൊണ്ടുവന്നിട്ടുണ്ട്. 11-ാം പദ്ധതിയുടെ 2007-ൽ തുടങ്ങുന്ന പ്ലാനിൽ വാർഡിൽ ഒരു കളിസ്ഥലവും പഞ്ചായത്തിൽ ഒരു സ്റ്റേഡിയവും നീന്തൽ കുളവും ഉണ്ടാകും. 14 ജില്ലകളിലും സ്പോർട്ട്സ്

അക്കാഡമികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. കൊല്ലത്ത് സ്ത്രീകൾക്കുവേണ്ടി വിമൻസ് സ്പോർട്ട്സ് അക്കാഡമിയും മലപ്പുറം ജില്ലയിൽ ഒരു ഫുട്ബാൾ അക്കാഡമിയും സ്ഥാപിക്കാൻ തീരുമാനമെടുത്തു. വിദ്യാഭ്യാസത്തിന്റെ ഭാഗമായി സ്പോർട്ട്സ് മാറിയാലേ അടിസ്ഥാനപരമായ മാറ്റം ഉണ്ടാവുകയുള്ളു. അതിനുള്ള നടപടികൾ തുടങ്ങിയിരിക്കുന്നു. ആരോഗ്യവകുപ്പുമന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി തുടങ്ങിയവർ ഉൾപ്പെട്ട ഒരു സബ് കമ്മിറ്റി രൂപീകരിച്ച് നിരവധി യോഗങ്ങൾ കൂടുകയും കരിക്കുലത്തിലും സിലബസ്സിലും മാറ്റം വരുത്തുകയും ചെയ്തു. വിദ്യാഭ്യാസത്തിന്റെ ഭാഗമായി സ്പോർട്ട്സിനെ മാറ്റിക്കൊണ്ട് കേരളത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും കായിക പരിശീലനം നൽകണമെന്നതാണ് ലക്ഷ്യം. ഗ്രൗണ്ടുകൾ സംരക്ഷിക്കാൻ ഒരു നിയമനിർമ്മാണം വേണം. കേരളത്തിൽ സമഗ്രമായ കായിക വികസന നയം ഉണ്ടാകണം. സമ്പൂർണ്ണ കായിക ക്ഷമത നേടുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറും. മൂന്നാറിലെ അഡ്വഞ്ചറസ് സ്പോർട്ട്സ് അക്കാഡമി പ്രവർത്തിപ്പിക്കാൻവേണ്ട നടപടികൾ ആരംഭിച്ചുകഴിഞ്ഞു. സ്പോർട്ട്സ് ക്വാട്ട നിയമനം നടന്നിട്ട് വർഷങ്ങളായി. ഈ വർഷം മുതൽ സ്പോർട്ട്സ് ക്വാട്ട നിയമനം പോലീസ് ഡിപ്പാർട്ടുമെന്റിൽ ആരംഭിക്കുകയാണ്. സ്പോർട്ട്സ് ക്വാട്ട നിയമനം 20 എന്നുള്ളത് 50 ആക്കുകയാണ് ലക്ഷ്യം. ഇലക്ട്രിസിറ്റി ബോർഡ്,. കെ.എസ്.ആർ.ടി.സി. തുടങ്ങിയ സ്ഥാപനങ്ങളിലെ സ്പോർട്ട്സ് ക്വാട്ട നിയ മനങ്ങൾ പുന:സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് കായികരംഗത്ത് സമഗ്രവികസനം ലക്ഷ്യം വച്ചുകൊണ്ട് ഒരു സമഗ്രമായ നിയമനിർമ്മാണം കൊണ്ടുവരുന്നതിന്റെ

തുടക്കമായിട്ടാണ് ഈ നിയമത്തെ കാണുന്നത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനക്കെടുത്തു.

## 2-ാം വകുപ്പ്

ശ്രീ. സി.ടി. അഹമ്മദ് അലി: 109, 118, 125 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: 113, 129, 129എ എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 126, 131 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: 128-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു 132-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി..

## 3-ാം വകുപ്പ്

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി..

## 1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) പ്രമേയത്തെ പിന്താങ്ങുന്നു.

2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ രാത്രി 7.45-ന് പിരിഞ്ഞു.

***************